പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 91 — 04.03.2010 ൽ മറുപടിയ്ക്ക്

## ടാറ്റയുടെ അനധികൃത ഭൂമി കയ്യേറ്റം

| ചോദ്യം<br>ശ്രീ.സി.പി.മുഹമ്മദ് എം.എൽ.എ | | മറുപടി<br>ശ്രീ.കെ.പി.രാജേന്ദ്രൻ<br>ബഹു: റവന്യു വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | മൂന്നാറിൽ ടാറ്റയുടെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്താമോ; | എ) | 29.03.1974-ലെ ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽപ്പെട്ട 70522.12 ഏക്കർ ഭൂമി സർക്കാർ ഉടമസ്ഥതയിലാക്കുകയും 57192.65.560 ഏക്കർ ഭൂമി ടാറ്റ ഫിൻലെ കമ്പനിക്ക് പാട്ടത്തിന് നൽകുകയും ചെയ്തിരുന്നു. ടാറ്റയുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച് വ്യക്തമായ പരിശോധന നടന്നുവരികയാണ്. |
| ബി) | ഇതിൽ അനധികൃത ഭൂമി എത്രയെന്ന് വെളിപ്പെടുത്തുമോ; | ബി) | ടാറ്റ കമ്പനി കയ്യേറിയിട്ടുള്ള സർക്കാർ ഭൂമി എത്രയെന്ന് കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ ത്വരിതഗതിയിലാണ്. ശ്രീ.നാലകത്ത് സൂപ്പി ചെയർമാനായ ഗവ: നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (1996-98) 14.11.1996 ന് നിയമസഭയിൽ സമർപ്പിച്ച ഒന്നാമത് റിപ്പോർട്ടിൽ ടാറ്റ കമ്പനിയുടെ കൈവശം അനധികൃതമായി 50,000 ഏക്കറോളം ഭൂമികൂടി ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. |
| സി) | സർക്കാരിന്റെ അനുവാദമില്ലാതെ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ടാറ്റ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സി) | ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിൽ ലക്ഷ്മി എസ്റ്റേറ്റിൽ ഒരു തടയണയും ചിറ്റുവര ഒ.സി ഡിവിഷനിൽ തടയണയും കമ്പനി സർക്കാർ അനുവാദമില്ലാതെ നിർമ്മിച്ചിട്ടുള്ളത് കണ്ടെത്തിയിട്ടുണ്ട്.കുളങ്ങര സാന്റോസ് കോളനിക്ക് സമീപം ഇലക്ട്രിക് വേലിയും അനധികൃതമായിട്ടാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ടൂറിസം റിസോർട്ടുകൾ ഒരുക്കാനുള്ള ഉദ്ദേശത്തോടെ റോഡുകൾ നിർമ്മിച്ചിട്ടുള്ളതും കണ്ടെത്തുകയുണ്ടായി. പാറക്കെട്ടുകൾ തകർത്തുകൊണ്ട് വമ്പിച്ച തോതിൽ പാറ ഖനനം നടത്തു |

ന്നതും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ലാന്റ് ബോർഡ് അവാർഡിന് വിരുദ്ധമായി ഭൂമി തരം മാറ്റുകയും സ്വാഭാവിക നീരൊഴുക്കുകൾക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി കെട്ടിടങ്ങൾ വാടകയോ ലൈസൻസ് ഫീയോ ഈടാക്കി സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുള്ളതായും ഏക്കർ കണക്കിന് സ്ഥലം വിൽപന നടത്തിയതായും പാട്ടഭൂമി മറുപാട്ടമായോ സമ്മാനമായോ മറ്റുള്ളവർക്ക് നൽകിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ നദീതീരങ്ങൾ അന്യർക്ക് അനധികൃത വ്യാപാരത്തിനായി അനുവദിച്ചതായും അവിടെ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അവസരം ഒരുക്കിക്കൊടുത്തതായും കണ്ടെത്തിയിട്ടുണ്ട്. കച്ചവടക്കാരിൽ നിന്നും നിയമവിരുദ്ധമായി വാടക പിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരവധി ടൂറിസ്റ്റ് റിസോർട്ടുകൾ സ്ഥാപിച്ചിട്ടുള്ളതായും വന നശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്. ഇനിയും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

| | |
|---|---|
| ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ടാറ്റയുടെ കൈവശം വച്ചിരുന്ന എത്ര ഏക്കർ അനധികൃത ഭൂമി പിടിച്ചെടുത്തുവെന്നും ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ നടപടിയെടുത്തിരുന്നുവെന്നും വ്യക്തമാക്കുമോ? | ഡി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനിടെ ബഹു: ഹൈക്കോടതിയിൽ കേസുകൾ വന്നതിനാൽ അതിൽ അന്തിമ വിധി വന്നതിനുശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയൂ. എങ്കിലും മൂന്നാർ പട്ടണത്തിൽ കമ്പനി നിയമവിരുദ്ധമായി കൈവശം വച്ചിട്ടുള്ള ഭൂമി തിരിച്ചെടുത്ത് ഒരു ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനുള്ള നിയമാനുസൃത നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-92 04-3-2010 ൽ മറുപടിയ്ക്ക്.

*ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങൾ*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. കെ. ബാബു: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്കരണങ്ങൾ വരുത്താൻ ഉദ്ദേശ്യം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) പരിഷ്കരണങ്ങൾ നടപ്പാക്കി വരികയാണ്. |
| (ബി) പ്രസ്തുത പരിഷ്കാരങ്ങൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ എത്ര കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടെന്നറിയിക്കുമോ ; | (ബി) 16 കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്. |
| (സി) ഓരോ കമ്മിറ്റിയുടെയും ഘടനയും അവയുടെ കർത്തവ്യങ്ങളും എന്തെന്ന് വിശദമാക്കുമോ ; | (സി) & (ഡി) അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) പ്രസ്തുത കമ്മിറ്റികൾ എന്നത്തേക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കണം എന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്നറിയിക്കുമോ ? | |

സെക്ഷൻ ഓഫീസർ.

## അനുബന്ധം I

1. ഉന്നത വിദ്യാഭ്യാസ നയ രൂപീകരണത്തിനുള്ള കമ്മിറ്റി.

പ്രൊഫ. യു.ആർ. അനന്തമൂർത്തി അദ്ധ്യക്ഷനും ഡോ. പി. ചന്ദ്രമോഹൻ, ഡോ. ടി. ജയരാമൻ, പ്രൊഫ. നൈനാൻ കോശി എന്നിവർ അംഗങ്ങളും ഡോ. ഫാതിമത് സുഹറ കൺവീനറും ആണ്. സംസ്ഥാനതലത്തിൽ ഉന്നത വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിന് സഹായകമായ രേഖ തയ്യാറാക്കുകയാണ് കമ്മിറ്റിയുടെ ചുമതല.

2008 മെയ് മാസം കമ്മിറ്റി കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

2. ഡിഗ്രിതല വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനത്തിനുള്ള കമ്മിറ്റി

ഡോ. എം. വിജയൻ - അദ്ധ്യക്ഷൻ.

ഡോ. ജി. അംബിക<br>
പ്രൊഫ. സി.പി. ചിത്ര<br>
ഡോ. വി.സി. ഹാരിസ്<br>
ഡോ. എം.എ. ഖാദർ<br>
ഡോ. എ. റസലുദ്ദീൻ<br>
} അംഗങ്ങൾ.

ഡോ. അച്യുത് ശങ്കർ എസ്. നായർ - കൺവീനർ.

ഡിഗ്രി തല വിദ്യാഭ്യാസം പുനസംഘടിപ്പിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് നൽകുക എന്നതായിരുന്നു കമ്മിറ്റിയുടെ ചുമതല.

2008 ജനുവരി മാസത്തിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. ക്ലസ്റ്റർ കോളേജ് രൂപീകരണത്തിനുള്ള കമ്മിറ്റി

ഡോ. ബാബു ജോസഫ് - അധ്യക്ഷൻ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ<br>
പ്രൊഫ. ചന്ദ്രമോഹനൻ<br>
പ്രോഫ. ജോറി മത്തായി.<br>
ഡോ. രാജൻ വർഗ്ഗീസ്.<br>
പ്രൊഫ. എബ്രഹാം അറയ്ക്കൽ.<br>
} അംഗങ്ങൾ

പ്രൊഫ. കെ. അരവിന്ദാക്ഷൻ - കൺവീനർ

കോത്താരി കമ്മീഷന്റെയും ദേശീയ വിജ്ഞാന കമ്മീഷന്റെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ സമീപസ്ഥ കോളേജുകൾ തമ്മിൽ പരസ്പര സഹകരണം വർദ്ധിപ്പിച്ചു കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണ മേന്മയും സാമൂഹ്യ നീതിയും വർദ്ധിപ്പിക്കുന്ന തരത്തിൽ ക്ലസ്റ്റർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു ചുമതല. 2008 ജനുവരിയിൽ ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. പോസ്റ്റ് ഗ്രാഡ്വേറ്റ് പുനഃസംഘാടനത്തിനുള്ള കമ്മിറ്റി.

| | |
|---|---|
| പ്രൊഫ. താണു പത്മനാഭൻ | - അദ്ധ്യക്ഷൻ |
| പ്രൊഫ. ഇ.ഡി. ജമ്മിസ് | - അംഗങ്ങൾ. |
| ഡോ. എ. വൈദ്യനാഥൻ | |
| പ്രൊഫ. റോമില ഥാപ്പർ. | |
| ഡോ. ബി.എൻ. സുരേഷ്. | |
| പ്രൊഫ. രാജൻ ഗുരുക്കൾ. | |
| ഡോ. ജമീലാ ബീഗം. | |
| പ്രൊഫ. എം.പി. കണ്ണൻ | - കൺവീനർ. |

ഡിഗ്രി തല പുനസംഘാടനത്തിന്റെ തുടർച്ചയായി പി.ജി. തലത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ശുപാർശ സമർപ്പിക്കുക ആണ് ചുമതല. 2010 ഡിസംബർ മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

5. സർവ്വകലാശാലാ നിയമ പരിഷ്കരണത്തിനുള്ള കമ്മിറ്റി.

| | |
|---|---|
| ഡോ. എം. അനന്തകൃഷ്ണൻ | - അദ്ധ്യക്ഷൻ |
| പ്രൊഫ. ജെ.എ.കെ. തരീൻ | -അംഗങ്ങൾ |
| ഡോ. ദേബാസിസ് ചാറ്റർജി | |
| ഡോ. എൻ.കെ. ജയകുമാർ | |
| പ്രൊഫ. ആർ.വി.ജി. മേനോൻ | |
| പ്രൊഫ. ജോയ് ജോബ് കുളവേലിൽ | |
| പ്രൊഫ. കെ.വി. കുഞ്ഞികൃഷ്ണൻ | |
| ഡോ. എ. ആർ. രാജൻ | |
| ഡോ. എം.പി. കണ്ണൻ | - കൺവീനർ |

സർവ്വകലാശാലാ നിയമങ്ങളെക്കുറിച്ച് പഠിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുക എന്നതാണ് ചുമതല. 2010 ജൂലൈ മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

6. ബി.എഡ് പുന:സംഘാടനത്തിനുള്ള കമ്മിറ്റി

പ്രൊഫ. എം.എസ്. യാദവ് - അദ്ധ്യക്ഷൻ.

അംഗങ്ങൾ:

പ്രൊഫ; അനിതാ റാംപാൽ

പ്രോഫ; എം.എ. ഖാദർ.

പ്രൊഫ. മമതാ ദാസ്.

പ്രൊഫ. നിങ്കമ്മ സി. ബറ്റ്സൂർ.

പ്രൊഫ. തെരേസാ സൂസൻ

ഡോ എ. സുധർമ്മ

ഡോ. പി. ഉഷ

പ്രൊഫ. തോമസ് ഉഴവത്ത്

ബി.എഡ് വിദ്യാഭ്യാസത്തെക്കുറിച്ച് പഠിച്ച് പരിഷ്കാരങ്ങൾ നിർദ്ദേശിക്കുക എന്നതാണ് കമ്മിറ്റിയുടെ ചുമതല. റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല.

7. പരീക്ഷാ പരിഷ്കരണത്തിനുള്ള കമ്മിറ്റി

പ്രൊഫ. ജേക്കബ്ബ് താരു - അധ്യക്ഷൻ

അംഗങ്ങൾ:

പ്രൊഫ. എൻ. ജെ. റാവു

ഡോ. സി.എൻ. സുബ്രമണ്യം

ഡോ. രേണു ഗുപ്ത.

ഡോ. സി.പി. ചിത്ര

ശ്രീ.. വി. രാജഗോപാലൻ

പ്രൊഫ. എ.എസ് വർഗ്ഗീസ്.

ഡോ. അച്യുത് ശങ്കർ എസ്. നായർ

ഡിഗ്രി തലത്തിലുള്ള പരീക്ഷകളുടെ അക്കാഡമിക് പരിഷ്കരണത്തിനും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തുന്നതിനും ഉള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള ചുമതലയാണ് ഈ സമിതിയെ ഏല്പിച്ചിട്ടുള്ളത്. റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല.

8. ഡിഗ്രി തല പുനസംഘാടനം പുനരവലോകനം ചെയ്യുന്നതിനുള്ള കമ്മിറ്റി

| | | |
|---|---|---|
| ഡോ. കെ.എൻ. പണിക്കർ | | – അധ്യക്ഷൻ |
| ഡോ. ജെ. പ്രഭാഷ് | | |
| ഡോ. രാജൻ വർഗ്ഗീസ് | | |
| ഡോ. എസ്. രാജശേഖരൻ | | അംഗങ്ങൾ. |
| പ്രൊഫ. വി. രാജഗോപാലൻ | | |
| ഡോ. എ. പി. കുട്ടികൃഷ്ണൻ | | |
| പ്രൊഫ. തോമസ് ജോസഫ് | | |

വിവിധ സർവ്വകലാശാലകൾ നടപ്പാക്കിയ ഡിഗ്രിതല പാഠ്യപദ്ധതി പരിഷ്കരണത്തെക്കുറിച്ച് പഠിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. രണ്ടാം സെമസ്റ്റർ പരീക്ഷകൾ സമയ ബന്ധിതമായും കാര്യക്ഷമമായും നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയാണ് ചുമതലകൾ. ആറ് മാസമാണ് കമ്മിറ്റിയുടെ കാലാവധി.

9. എഞ്ചിനീയറിംഗ് അക്കാദമിക കമ്മിറ്റി

| | |
|---|---|
| ഡോ. എം.എസ്. ആനന്ദ്, ഡയറക്ടർ, ഐ.ഐ.ടി. മദ്രാസ് | – അദ്ധ്യക്ഷൻ |
| ഡോ. ഗംഗൻ പ്രതാപ്, ഡയറക്ടർ, എൻ.ഐ.സി.എ.ഐ.ആർ | |
| ഡോ. കെ. രാധാകൃഷ്ണൻ, ഐ.എസ്.ആർ.ഒ. | |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി | – അംഗങ്ങൾ |
| ടെക്നിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ | |
| സീനിയർ ജോയിന്റ് ഡയറക്ടർ (ഇ.സി.എസ്) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്. | |
| ഡോ. ജെ. ലത. പ്രിൻസിപ്പൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം. | |
| ഡോ. പി.എസ്. ചന്ദ്രമോഹൻ നായർ | |
| ഡോ. കുഞ്ചറിയ പി. ഐസക്, പ്രിൻസിപ്പൽ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, വയനാട്. | |

എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് മികവ് വർദ്ധിപ്പിക്കുന്നതിന് ഉള്ള പദ്ധതികൾ ആവിഷ്കരിക്കുകയാണ് കമ്മിറ്റിയുടെ

ചുമതല. ഈ കമ്മിറ്റിയുടെ അതത് കാലത്തെ തീരുമാനങ്ങൾ ഈ മേഖലയിൽ നടപ്പാക്കി വരികയാണ്.

10. നിയമവിദ്യാഭ്യാസ പരിഷ്കരണസമിതി

ഡോ. എൻ. ആർ. മാധവമേനോൻ - അദ്ധ്യക്ഷൻ

പ്രൊഫ. ആലീസ് ജേക്കബ്.
ശ്രീ. സി.എസ്. വൈദ്യനാഥൻ, അഡ്വക്കേറ്റ്, സുപ്രീംകോടതി
പ്രൊഫ. എൻ.കെ. ജയകുമാർ
പ്രൊഫ. കെ. വിക്രമൻ നായർ
പ്രൊഫ. എൻ.എസ്.ഗോപാലകൃഷ്ണൻ
പ്രൊഫ. കല്പനാ കണ്ണബീരാൻ
പ്രൊഫ. എസ്. ശിവകുമാർ
-അംഗങ്ങൾ

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി - കൺവീനർ.

നിലവിലുള്ള നിയമ വിദ്യഭ്യാസ രംഗം പരിശോധിച്ച് ശക്തി ദൗർബല്യങ്ങൾ കണ്ടെത്തുക. നിയമ വിദ്യാഭ്യാസം നേടിയവരുടെ ഭാവി ആവശ്യങ്ങൾ അവലോകനം ചെയ്യുക. സംസ്ഥാനത്തെ നിയമ വിദ്യഭ്യാസ രംഗത്തെ രാജ്യത്തെ മികച്ച സംവിധാനമാക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുക, എന്നിവയായിരുന്നു കമ്മിറ്റിയുടെ പ്രധാന കർത്തവ്യങ്ങൾ.

സമിതി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു.

11. സംഗീത കോളേജുകളുടെ സമഗ്ര വികസനത്തിനുള്ള നിർദ്ദേശക സമിതി

പ്രൊഫ; ടി.എൻ. കൃഷ്ണൻ - അദ്ധ്യക്ഷൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
ശ്രീ. ഉമയാൾപുരം കെ. ശിവരാമൻ
ഡോ. എൻ. രാജം.
പ്രൊഫ. എസ്. ആർ. ജാനകി രാമൻ
ശ്രീമതി. ആർ. രാജലക്ഷ്മി
ഡോ. മധു വാസുദേവൻ
- അംഗങ്ങൾ

ഈ കമ്മിറ്റിയുടെ ഉപദേശത്തിലാണ് ഇപ്പോൾ സംസ്ഥാനത്തെ സംഗീത കോളേജുകളിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല.

12. ശാസ്ത്ര ഗവേഷണ രംഗം പുനസംഘടിപ്പിക്കുന്നതിനുള്ള കമ്മിറ്റി

1. ഡോ. പി. ബലറാം, ഡയറക്ടർ,
   ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ. -അദ്ധ്യക്ഷൻ
2. ഡോ. സെയ്ദ് .ഇ. ഹസ്നൈൻ, വൈസ് ചാൻസലർ,
   ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി.
3. ഡോ. എസ്. ശിവറാം, ഡയറക്ടർ,
   നാഷണൽ കെമിക്കൽ ലബോറട്ടറി, പൂനെ.
4. ഡോ. വിജയ് നായർ, മുൻ ഡയറക്ടർ,
   റീജിയണൽ റിസർച്ച് ലബോറട്ടറി, തിരുവനന്തപുരം.
5. ഡോ. അജയൻ പുളിയ്ക്കൽ, മെക്കാനിക്കൽ
   എഞ്ചിനീയറിങ് & മെറ്റീരിയൽ സയൻസ് വകുപ്പ്,
   റൈസ് യൂണിവേഴ്സിറ്റി, ഹൂസ്റ്റൺ.
6. ഡോ. താണു പത്മനാഭൻ, പ്രൊഫസർ,
   ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ
   അസ്ട്രോണമി & അസ്ട്രോ ഫിസിക്സ്. - അംഗങ്ങൾ
7. പ്രൊഫ. എം. വിജയൻ, ഇൻഡ്യൻ
   ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ.
8. ഡോ. ടി.പി. രാധാകൃഷ്ണൻ,
   ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി.
9. ഡോ. കെ. എൽ. സെബാസ്റ്റ്യൻ,
   ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട ഓഫ് സയൻസ്, ബാംഗ്ലൂർ.
10. ഡോ. ഗംഗൻ പ്രതാപ്, മുൻ വൈസ് ചാൻസലർ,
   കൊച്ചി സർവ്വകലാശാല - കൺവീനർ.

സംസ്ഥാനത്ത് ശാസ്ത്ര ഗവേഷണ രംഗം പുനസംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ചുമതല.

ഈ സമിതി ഇടക്കാല ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആയതു നടപ്പാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

13. സാമൂഹ്യ ശാസ്ത്ര ഗവേഷണ രംഗം പുനസംഘടിപ്പിക്കുന്നതിനുള്ള കമ്മിറ്റി

പ്രൊഫ; റോമില ഥാപ്പർ - അദ്ധ്യക്ഷ
ഡോ. പ്രഭാത് പട്നായിക്
ഡോ. കെ.എൻ. പണിക്കർ
ഡോ. വെങ്കിടേശ് ആത്രേയ
ഡോ. ഷിറീൻ മൂസ്വി - അംഗങ്ങൾ
ഡോ. എം. കുഞ്ഞാമൻ
ഡോ. മൈക്കൾ തരകൻ
ഡോ. രാജൻ ഗുരുക്കൾ - കൺവീനർ

സംസ്ഥാനത്തെ സാമൂഹ്യ ശാസ്ത്ര ഗവേഷണ രംഗം പുനസംഘടിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ചുമതല.

ഇടക്കാല റിപ്പോർട്ട് ഉടനെ സമർപ്പിക്കുന്നതാണ്.

14. പരീക്ഷാ നടത്തിപ്പ് കമ്പ്യൂട്ടർ വത്കരിക്കുന്നതിനുള്ള കമ്മിറ്റി

ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, ചെയർമാനും സർവ്വകലാശാലാ രജിസ്ട്രാർമാർ പരീക്ഷാ കൺട്രോളർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ എന്നിവർ അംഗങ്ങളുമായ സമിതിയിൽ താഴെ പറയുന്നവർ പ്രത്യേക ക്ഷണിതാക്കളാണ്.

1. ഡോ. അച്യുത് ശങ്കർ എസ്. നായർ
2. ശ്രീ. അൻവർ സാദത്
3. എൻ.ഐ.സി.യുടെ പ്രതിനിധി

പരീക്ഷാ നടത്തിപ്പിന് പൊതു സോഫ്ട്വയർ നടപ്പാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക, കോളേജുകളിൽ ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ നിരീക്ഷിക്കുക എന്നിവയാണ് കമ്മിറ്റിയുടെ ചുമതലകൾ.

15. പോളിടെക്നിക് വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള കമ്മിറ്റി

1. ഡോ. എസ്. ചന്ദർ – അധ്യക്ഷൻ
2. ഡോ. പി.എസ്. വീരരാഘവൻ, ഐ.എസ്.ആർ.ഒ
3. ഡോ. ആർ.വി.ജി. മേനോൻ
4. ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച്. ചെന്നൈ.
5. ഡോ. മുരളീകൃഷ്ണൻ, ഐ.ഐ.റ്റി. ചെന്നൈ.
6. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
7. സീനിയർ ജോയിന്റ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.

(2–7) –അംഗങ്ങൾ

8. ജോയിന്റ് ഡയറക്ടർ, കരിക്കുലം ഡവലപ്മെന്റ് സെന്റർ, കളമശ്ശേരി. –കൺവീനർ
9. ഡയറക്ടർ, ഐ.എച്ച്.ആർ.ഡി
10. സാങ്കേതിക പരീക്ഷാ വിഭാഗം ജോയിന്റ് കൺട്രോളർ.
11. ശ്രീമതി. പി. ബീന, പ്രിൻസിപ്പൽ, ഗവ. പോളിടെക്നിക് കോളേജ്, കോഴിക്കോട്.
12. ശ്രീ. ജി. രാജു, പ്രിൻസിപ്പൽ, ഗവ. പോളിടെക്നിക് കോളേജ്, പുനലൂർ.

(9–12) –അംഗങ്ങൾ

പോളിടെക്നിക് പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക, പോളിടെക്നിക് പാഠ്യപദ്ധതി പരിഷ്കരണത്തിന് മേൽനോട്ടം വഹിക്കുക എന്നിവയാണ് ഈ കമ്മിറ്റിയുടെ ചുമതലകൾ.

16. സംസ്ഥാനത്തെ കലാ വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി രൂപീകരിച്ച സമിതി

1. പ്രൊഫ. എ. രാമചന്ദ്രൻ –അദ്ധ്യക്ഷൻ

2. പ്രൊഫ. ദീപക് കനാൽ, ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്സ്, എംഎസ് യൂണിവേഴ്സിറ്റി, ബറോഡാ.
3. പ്രൊഫ. ശിവകുമാർ, പ്രിൻസിപ്പൽ, കലാഭവൻ, ശാന്തിനികേതൻ, വിശ്വഭാരതി യൂണിവേഴ്സിറ്റി, വെസ്റ്റ് ബംഗാൾ
4. പ്രൊഫ. വി. രമേഷ്, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് പെയിന്റിംഗ്, ആന്ധ്രാ യൂണിവേഴ്സിറ്റി
5. ശ്രീ. പ്രകാശ് മൂർത്തി, വിസിറ്റിങ് പ്രൊഫസർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, അംബാനി, സെന്റർ ഫോർ എക്സലൻസ് ഇൻ വിഷൽ ആർട്സ്.
6. ശ്രീ. മാവോജി ഐ.എ.എസ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ.
7. പ്രൊഫ. അജയ്കുമാർ, പ്രിൻസിപ്പൽ, ഫൈൻ ആർട്സ് കോളേജ്, തിരുവനന്തപുരം.

} -അംഗങ്ങൾ.

കമ്മിറ്റി ഇതിനകം പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 93

4.3.2010- ൽ മറുപടിയ്ക്ക്

## മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ.എൻ.ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് കാലോചിതമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്.; എൻട്രൻസ് പരീക്ഷാ മാർക്കിനൊപ്പം +2 അഥവാ തത്തുല്യ പരീക്ഷയുടെ മാർക്കും കൂടി കണക്കിലെടുത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കുക, ഹയർസെക്കണ്ടറി പരീക്ഷാ രീതി പരിഷ്ക്കരിക്കുക, CBSE, ICSE തുടങ്ങിയ ഹയർ സെക്കണ്ടറി പരീക്ഷകളുടെ മാർക്ക് റാങ്കിങ്ങിനു വേണ്ടി ഏകീകരിക്കുക, പ്രവേശന പരീക്ഷയക്ക് ഇപ്പോൾ നിലവിലുള്ള ഓരോ ചോദ്യങ്ങൾക്കു നൽകുന്ന 5 ചോയിസുകൾ 4 ആയി ചുരുക്കുക, എഞ്ചിനീയറിംഗ് പ്രവേശനത്തിന് maths, physics, Chemistry എന്നീ വിഷയങ്ങൾക്ക് 5:3:2 എന്ന അനുപാതത്തിൽ വെയിറ്റേജ് തുടരുകയും മെഡിക്കൽപ്രവേശനത്തിന് Physics, Chemistry, Biology എന്നീ വിഷയങ്ങൾക്ക് 1:1:1 എന്ന അനുപാതത്തിൽ വെയിറ്റേജ് നൽകുകയും, പ്രവേശന പരീക്ഷ എഴുതുവാനുള്ള ചാൻസുകളുടെ എണ്ണം ജനറൽ കാറ്റഗറിക്ക് രണ്ടായും എസ്.സി വിദ്യാർത്ഥികൾക്ക് നാലായും എസ്.റ്റി വിദ്യാർത്ഥികൾക്ക് പരിധിയില്ലാതെയും നിശ്ചയിക്കുക, വിപുലമായ ചോദ്യ ബാങ്ക് രൂപീകരിക്കുക, സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുക ഇവയ്ക്കെല്ലാം ആവശ്യമായ നിയമനിർമ്മാണം നടത്തുക എന്നിവയാണ് മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ. |
| (ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) | ഔദ്യോഗികമായ അറിയിപ്പ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 94 — 4-03-2010- ൽ മറുപടിയ്ക്ക്

**കേരള കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസഫ് എം. പുതുശ്ശേരി :<br>ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി സി. ജോർജ്ജ് : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | കേരള കർഷക കടാശ്വാസ കമ്മീഷന് മുമ്പാകെ ഇതുവരെ ലഭിച്ച അപേക്ഷകൾ എത്രയെണ്ണമാണ് ; | (എ) | കമ്മീഷൻ അപേക്ഷ സമർപ്പിക്കുന്നതിന് 31.05.2009 വരെയാണ് സമയം നിശ്ചയിച്ചിരുന്നത്. അതുവരെ 4,10,549 അപേക്ഷകൾ ലഭിച്ചു. |
| ബി) | പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൽ തീർപ്പുകല്പിച്ചു ; പ്രഖ്യാപിച്ച അവാർഡ് തുക എത്രയാണ് ; | (ബി) | കമ്മീഷൻ ഓരോ ജില്ലകളിലും സിറ്റിംഗ് നടത്തി കക്ഷികളെ കേട്ടാണ് അവാർഡുകൾ നല്കുന്നത്. ഇത് തുടർന്നു വരുന്നു. 30.12.2009 വരെ 1,01,653 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. |
| സി) | കമ്മീഷൻ പ്രഖ്യാപിച്ച അവാർഡ് തുക യഥാസമയം വിതരണം ചെയ്യാൻ സർക്കാരിന് കഴിഞ്ഞോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഇതിനോടകം വിതരണം ചെയ്ത തുക എത്ര ; | (സി) & (ഡി) | ശുപാർശ ചെയ്ത കടാശ്വാസം 39,64,47,526 രൂപയാണ്. അവാർഡ് നൽകിയ തുക കൃഷി വകുപ്പ്, സഹകരണ വകുപ്പ് രജിസ്ട്രാർക്ക് കൈമാറുന്നു. സാധാരണഗതിയിൽ ഇതിൽ കാലതാമസമുണ്ടാകാറില്ല. ഇതുവരെ 31.9 കോടി രൂപ ഇങ്ങനെ മാറി നല്കിയിട്ടുണ്ട്. |
| ഡി) | അവാർഡ് തുക യഥാസമയം വിതരണം ചെയ്യാത്തതിനാൽ കർഷകർ അഭിമുഖീകരിക്കുന്ന വിഷമതകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ? | | |
| ഇ) | കമ്മീഷൻ പ്രഖ്യാപിക്കുന്ന അവാർഡ് തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കടാശ്വാസ നിയമത്തിൽ വ്യവസ്ഥയുണ്ടോ ; ഇല്ലെങ്കിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) | കമ്മീഷൻ പ്രഖ്യാപിക്കുന്ന അവാർഡ് തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കടാശ്വാസ നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ സർക്കാരിൽ ലഭിക്കുന്ന അന്തിമ ഉത്തരവുകളിന്മേൽ ഉള്ള അവാർഡ് തുക കാലതാമസം കൂടാതെ കൃഷി വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.95 — 04.03.2010-ൽ മറുപടിക്ക്

### ദേശീയപാത വികസനത്തിനുള്ള സ്ഥലമെടുപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ.വാഹീദ് : | ശ്രീ.പി.ജെ.ജോസഫ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത വികസനത്തിനാവശ്യമായ ഭൂമിയുടെ 80 ശതമാനം ഏതു തീയതിക്കുള്ളിൽ ഏറ്റെടുത്ത് കൈമാറാമെന്നാണ് സംസ്ഥാനം ആദ്യഘട്ടത്തിൽ ഏറ്റിരുന്നതെന്ന് വ്യക്തമാക്കുമോ ; ആ ലക്ഷ്യം നിറവേറ്റുവാൻ കഴിഞ്ഞുവോ ; | (എ) ദേശീയപാതാ വികസനത്തിനാവശ്യമായ ഭൂമിയുടെ 80% 2008 ഡിസംബർ 31 നുള്ളിൽ ഏറ്റെടുത്ത് നൽകാമെന്നാണ് ഏറ്റിരുന്നത്. ആ ലക്ഷ്യം നിറവേറ്റുവാൻ കഴിഞ്ഞില്ല. |
| (ബി) സ്ഥലമെടുപ്പ് നടത്താമെന്നേറ്റിരുന്ന ആദ്യകാലാവധി തീർന്നപ്പോൾ കേന്ദ്രം അതിനുള്ള സമയം നീട്ടിതന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;<br>(സി) എങ്കിൽ സ്ഥലമെടുപ്പ് സംബന്ധിച്ച ദീർഘിപ്പിച്ച കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) 2010 ജൂൺ 30നകം സ്ഥലമേറ്റെടുത്തു കൊടുക്കാമെന്ന ധാരണ നിലവിലുണ്ട്. |
| (ഡി) പ്രസ്തുത സമയപരിധിക്കുള്ളിൽ നിർദ്ദിഷ്ട സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാക്കാത്ത പക്ഷം ഇക്കാര്യത്തിന് അനുവദിച്ച തുക സംസ്ഥാനത്തിന് നഷ്ടപ്പെടുവാൻ സാദ്ധ്യതയുണ്ടോ ? | (ഡി) സമയപരിധിക്കുള്ളിൽ സ്ഥലമേറ്റെടുത്തു കൊടുക്കുവാൻ സാധിച്ചില്ലെങ്കിൽ പദ്ധതി നഷ്ടപ്പെടുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. |

സെക്ഷൻ ഓഫീസർ

GOVERNMENT OF

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.96      04.03.2010-ൽ മറുപടിക്ക്

### <u>ദേശീയപാത വികസന പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. എ.എം.യൂസഫ് : | **ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത് ; | (എ) എൻ.എച്ച്.ഡി.പി ഫേസ് II & III -ൽ പ്പെടുത്തി എൻ.എച്ച്.47-ന്റെ നാലുവരി/ആറുവരി പാതയാക്കൽ, എൻ.എച്ച് 17-ന്റെ നാലുവരി പാതയാക്കൽ, എൻ.എച്ച്.ഡി.പി ഫേസ്IV A -ൽ പ്പെടുത്തി എൻ.എച്ച് 49, എൻ.എച്ച് 212, എൻ.എച്ച് 213, എൻ.എച്ച് 220, എൻ.എച്ച് 208 എന്നീ ദേശീയ പാതകൾ പേവ്ഡ് ഷോൾഡറോടുകൂടി രണ്ടുവരി പാതയാക്കൽ എന്നീ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. |
| (ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ എന്തെല്ലാമാണ് ; | (ബി) ബി.ഒ.റ്റി രീതിയിലാണ് ദേശീയപാത വികസനപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>(1) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിശ്ചിത കാലാവധിയിലേയ്ക്ക് ടോൾ പിരിച്ചാണ് നടപ്പിലാക്കുന്നത്.<br>(2) ഈ കാലയളവിൽ ഇതിന് സമാന്തരമായി സ്റ്റേറ്റ് ഗവൺമെന്റ് പുതിയ റോഡുകൾ പണിയുവാനോ നിലവിലുള്ള റോഡുകൾ വികസിപ്പിക്കുവാനോ പാടില്ല.<br>(3) ടി റോഡിന് സമാന്തരമായി ബി.ഒ.ടി വ്യവസ്ഥയിൽ സ്റ്റേറ്റ് ഗവൺമെന്റ് മറ്റൊരു റോഡ് നിർമ്മിക്കുകയാണെങ്കിൽ ടി റോഡിന്റെ ടോൾ ദേശീയപാതയിൽ നിശ്ചയിച്ചിരിക്കുന്ന ടോളിനേക്കാൾ 25% എങ്കിലും അധികമായിരിക്കണം. |

(4) ടി ദേശീയപാതകളിൽ നിശ്ചയിച്ചിരിക്കുന്ന ടോൾ തുകയ്ക്കു പുറമേ സംസ്ഥാന ഗവൺമെന്റിന്റെ യാതൊരു വിധ ടോൾ, ഫീസ്, ടാക്സ് എന്നിവ പിരിക്കുവാൻ പാടുള്ളതല്ല.

| | |
|---|---|
| (സി) ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ; | (സി) സ്ഥലമേറ്റെടുക്കുന്നതിനുള്ള 3 എ നോട്ടിഫിക്കേഷൻ കേന്ദ്ര ഗസറ്റിലും പ്രാദേശിക ദിനപത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ ; | (ഡി) ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള പുനരധിവാസ പദ്ധതി ഇപ്പോൾ പ്രഖ്യാപിച്ചിട്ടില്ല. ഇത് സംബന്ധിച്ച് എൻ.എച്ച്.എ.ഐ യുമായി കൂടിയാലോചനകൾ നടക്കുന്നുണ്ട്. |
| (ഇ) സ്ഥലം ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ? | (ഇ) സ്ഥലമേറ്റെടുക്കൽ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 97 — 4/03/2010-ൽ മറുപടിക്ക്

## സർവ്വശിക്ഷാ അഭിയാൻ

**ചോദ്യം**

ശ്രീ. പി.തിലോത്തമൻ :
ശ്രീ.വി.എസ്.സുനിൽ കുമാർ:
ശ്രീ.കെ. അജിത്:
ശ്രീമതി.ഇ.എസ്.ബിജി മോൾ:
ശ്രീ.രാജാജി മാത്യു തോമസ്:

**ഉത്തരം**

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ ആരംഭിച്ചിട്ട് എത്ര വർഷമായി എന്നറിയിക്കുമോ ; | എ) | സംസ്ഥാനത്ത് സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി 2002-03 വർഷമാണ് ആരംഭിച്ചത്. 8 വർഷമായി പദ്ധതി നടപ്പിലാക്കിവരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്നും അവ പൂർണ്ണമായും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>• 2003 വർഷത്തോടെ എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കുക.<br>• 2007 വർഷത്തോടെ എല്ലാ കുട്ടികളും അഞ്ചു വർഷത്തെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുക.<br>• 2010 വർഷത്തോടെ എല്ലാ കുട്ടികളും എട്ടു വർഷത്തെ എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുക.<br>• സാമൂഹ്യവും ലിംഗപരവുമായ എല്ലാ വിടവുകളും പ്രൈമറിതലത്തിൽ 2007 വർഷത്തോടെയും എലിമെന്ററി തലത്തിൽ 2010 വർഷത്തോടെയും നികത്തുക.<br>• ഒന്നാം ക്ലാസ്സിൽ പ്രവേശിക്കപ്പെടുന്ന മുഴുവൻ കുട്ടികളുടെയും കൊഴിഞ്ഞുപോക്ക് ഒഴിവാക്കി എട്ടാം ക്ലാസ്സുവരെ 2010 വർഷത്തോടെ നിലനിർത്തുകയും അവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യുക.<br>ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഏകദേശം പൂർണ്ണമായും കൈവരിച്ചിട്ടുണ്ട്.<br>പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും നിറവേറ്റാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം നേടാൻ ഓരോ വർഷവും വൈവിധ്യങ്ങളായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ രംഗത്ത് ഇനിയും മുന്നേറാനുണ്ട്. |

സി) പ്രസ്തുത പദ്ധതിക്കായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ;

സി) 2002—03 മുതൽ എസ്.എസ്.എ.യ്ക്ക് ലഭിച്ച കേന്ദ്ര സഹായം താഴെ പറയും പ്രകാരമാണ്.

(തുക ലക്ഷത്തിൽ)

| വർഷം | അംഗീകരിച്ച പദ്ധതി തുക | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക | ലഭിച്ച തുക |
|---|---|---|---|
| 2002-2003 | 8682.53 | 6511.90 | 3259.26 |
| 2003-2004 | 12742.88 | 9557.16 | 4966.00 |
| 2004-2005 | 16789.72 | 12592.29 | 8939.00 |
| 2005-2006 | 17542.00 | 13156.56 | 5939.00 |
| 2006-2007 | 17154.00 | 12865.50 | 4382.00 |
| 2007-2008 | 15956.39 | 10371.65 | 10323.42 |
| 2008-2009 | 18860.80 | 12259.52 | 10854.00 |
| 2009-2010 | 21265.00 | 12759.00 | 11989.00 |

ഡി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രം നീക്കിവച്ച തുകയുടെ എത്ര ശതമാനമാണ് 2008-09 ൽ സംസ്ഥാനത്തിന് അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഡി)

| വർഷം | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച തുക | കേന്ദ്രം പദ്ധതിക്കായി നീക്കിവച്ച ആകെ തുക | കേരളത്തിനു ലഭിച്ച തുക (%) |
|---|---|---|---|
| 2008-2009 | 122.59 കോടി | 34400 കോടി | 0.35 % |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

—

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 98 4.3.2010- ൽ മറുപടിയ്ക്ക്

നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.യു.സി.രാമൻ :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരെ സഹായിക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഉണ്ട്. നാളികേര കർഷകരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു<br>തെങ്ങിന്റെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കാറ്റുവീഴ്ച, കൂമ്പുചീയൽ ആദിയായ രോഗങ്ങൾ ബാധിച്ച തെങ്ങുകളെ സംരക്ഷിക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. സംസ്ഥാന കേര വികസന പദ്ധതി പ്രകാരം 2007-08 മുതൽ കേരകൃഷി ലാഭകരമാക്കുന്നതിന് സംസ്ഥാന സർക്കാർ കേരശ്രീ പദ്ധതി ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നു. തെങ്ങിൻ തോട്ടങ്ങളിലെ മെച്ചപ്പെട്ട കാർഷിക പരിചരണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി , സമ്മിശ്ര കൃഷി, ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, രോഗം ബാധിച്ച് ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റൽ എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ 25-50 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രൂപ്പുകൾ രൂപീകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കണ്ണൂർ, കാസർഗോഡ്, മലപ്പുറം, കോഴിക്കോട് എന്നീ |

ജില്ലകളിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് 1452.50 ലക്ഷം രൂപ അനുവദിച്ചതിൽ 1121.06695 ലക്ഷം രൂപ ഇതുവരെ ചിലവഴിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് 14000 രൂപയാണ് ധനസഹായം നൽകുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതി നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് നടപ്പിൽ വരുത്തുന്നത്. 2009-10 ൽ 175 ലക്ഷം രൂപ വിലയിരുത്തിയിരുന്നതിൽ 115.78477 ലക്ഷം ഇതുവരെ ചിലവഴിച്ചു. തെങ്ങു കൃഷിയ്ക്കുള്ള ശാസ്ത്രീയ പരിചരണ മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 17500 രൂപ ഒരു ഹെക്ടറിന് ധനസഹായം നൽകികൊണ്ട് 2009-10-ാം വർഷം ഒന്നാം പ്രദർശനത്തോട്ടം 1000 ഹെക്ടർ സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്.

നാളികേര വികസന ബോർഡിന്റെ സഹായത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2012-13 വരെ നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 2260.863 കോടി രൂപ വകയിരുത്തിയതിൽ 474.514 കോടി രൂപ കേന്ദ്ര സബ്സിഡിയാണ്. ടി പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. കാറ്റുവീഴ്ച രോഗം ബാധിച്ചതും പ്രായാധിക്യം കൊണ്ട് ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുക.

2. ബാക്കി തെങ്ങുകൾക്ക് മെച്ചപ്പെട്ട പരിചരണ മുറകൾ അവലംബിക്കാൻ കർഷകർക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകുക.

3. ആവശ്യമുള്ള കൃഷിയിടങ്ങളിൽ പുനർ നടീൽ അവലംബിക്കുക.

ഒരു ഹെക്ടറിൽ 32 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം നൽകുന്നു. വെട്ടിമാറ്റുന്ന ആദ്യത്തെ 20 തെങ്ങുകൾക്ക് 500 രൂപ വീതവും ബാക്കി 12 തെങ്ങുകൾക്ക് 250 രൂപ വീതവും ഹെക്ടറിന് പരമാവധി 13000/- രൂപയിൽ പരിമിതപ്പെടുത്തുന്നു.

വളപ്രയോഗം ശാസ്ത്രീയ പരിപാലന മുറപ്രകാരം നടത്തുന്നതിന് വർഷത്തിൽ 7500/- രൂപ പ്രകാരം ഹെക്ടറിന് 15000/- രൂപ വീതം രണ്ടു വർഷങ്ങളിലായി നൽകുന്നുണ്ട്.

പുനർനടീലിന് ഹെക്ടറൊന്നിന് 175 തെങ്ങുകളിൽ കവിയാതെയുള്ള തോട്ടങ്ങളിൽ വെട്ടിമാറ്റുന്ന തൈകൾക്ക് പകരം പുനർ നടീലിന് തൈ ഒന്നിന് 20 രൂപ വീതം ധനസഹായം നൽകുന്നുണ്ട്. പദ്ധതി 2009-10 വർഷം 9ബ്ലോക്കുകളിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നു.

നാളികേര കർഷകർക്ക് ആശ്വാസമേകുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവില പദ്ധതി പ്രകാരം കൊപ്രയും നാളികേരവും സംഭരിച്ചുവരുന്നു. സംഭരണത്തിനുള്ള കേന്ദ്ര ഏജൻസിയായ നാഫെഡിനു വേണ്ടി സംസ്ഥാനതല ഏജൻസികളായ കേരഫെഡ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ് എന്നിവർ കൊപ്രയും നാളികേവും തെരഞ്ഞെടുക്കപ്പെട്ട സഹകരണ/സ്വാശ്രയ സംഘങ്ങളിലൂടെ കർഷകരിൽ നിന്നും താങ്ങുവില നൽകി സംഭരിച്ച് നാഫെഡിന് കൈമാറുന്നു. 2009 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സംഭരണ വില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4450/- രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 4700/- രൂപയുമാണ് - കൊപ്രസംഭരണം

ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ ഉത്തരവ് എം.എസ്.നം.230/09/കൃഷി തീയതി 30/12/09 പ്രകാരം ഫാർമേഴ്സ് ക്ലസ്റ്ററുകളെയും കുടുംബശ്രീ യൂണിറ്റുകളെയും സംഭരണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | കൊപ്ര/പച്ചത്തേങ്ങ സംഭരണത്തിന് കേന്ദ്ര സർക്കാരിൽ നിന്നോ നാഫെഡിൽ നിന്നോ എന്തെങ്കിലും ധനസഹായം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ ; | ബി) & സി) | താങ്ങുവിലെ പദ്ധതി അനുസരിച്ച് നടപ്പാക്കുന്ന കൊപ്ര സംഭരണത്തിന്റെ ചെലവ് കേന്ദ്ര ഏജൻസിയായ നാഫെഡാണ് വഹിക്കുന്നത്. കൊപ്രയ്ക്കുള്ള താങ്ങുവിലയ്ക്ക് പുറമേ ചാക്കിന്റെ വില, ലോറി വാടക, സംഭരണത്തിന് സംഘങ്ങൾക്കും സംസ്ഥാനതല ഏജൻസികൾക്കും ഉണ്ടാകുന്ന ചിലവ് എന്നിവ നാഫെഡ് അതാത് സംസ്ഥാനതല ഏജൻസികൾക്ക് കൈമാറുകയും അത് സംഭരണം നടത്തുന്ന ഏജൻസികൾക്ക് നൽകുകയും ചെയ്യുന്നു. |
| സി) | എങ്കിൽ ഇവ ഏതെല്ലാം കാര്യങ്ങൾക്കായി ചെലവിട്ടുവെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** ചോദ്യം നം.99. 04.03.2010 -ൽ മറുപടിക്ക്

## ഉന്നതവിദ്യാഭ്യാസഗുണമേന്മ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ബാബു**<br>**ശ്രീ.ടി.എൻ.പ്രതാപൻ**<br>**ശ്രീ.എം.മുരളി** | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) **പുതിയ** യു.ജി.സി. **പദ്ധതിയിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ** വർദ്ധിപ്പിക്കുന്നതിന് **എന്തെല്ലാം** നിർദ്ദേശങ്ങളാണ് **ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;** | (എ) പുതുക്കിയ യു.ജി.സി. പദ്ധതി അനുസരിച്ച് അദ്ധ്യാപകരുടെ നിയമന യോഗ്യത നിർണ്ണയിക്കുന്ന വ്യവസ്ഥകളും അദ്ധ്യാപനത്തിലും ഗവേഷണത്തിലും വിജ്ഞാന വ്യാപനത്തിലും കൂടുതൽ കാര്യക്ഷമതയോടെയും പ്രതിബദ്ധതയോടെയും പ്രവർത്തിക്കുന്നതിന് അദ്ധ്യാപകരെ നിർബന്ധിതരാക്കുന്ന വ്യവസ്ഥകളും ഉൾക്കൊള്ളുന്ന റെഗുലേഷൻസ് യു.ജി.സി. താമസിയാതെ പുറപ്പെടുവിക്കുന്നതാണ്. പുതിയ റെഗുലേഷനുകളുടെ കരട് രൂപം യു.ജി.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) **മുൻകാലങ്ങളിലുള്ള യു.ജി.സി.പദ്ധതികളിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ** വർദ്ധിപ്പിക്കുവാൻ **എന്തെല്ലാം** നിർദ്ദേശങ്ങളാണ് **പ്രധാനമായും** ഉണ്ടായിരുന്നത് **എന്ന്** വ്യക്തമാക്കുമോ; | (ബി) അദ്ധ്യാപകരുടെ കഴിവും പ്രാവീണ്യവും പൂർണ്ണമായി വിനിയോഗിക്കുന്ന തരത്തിലാണ് ജോലിഭാരം നിജപ്പെടുത്തിയിരിക്കുന്നത്. റിഫ്രഷർ കോഴ്സുകൾക്ക് വിധേയമായി മാത്രം പ്രമോഷൻ നൽകുക, ഗവേഷണത്തിന് പ്രത്യേക പ്രോത്സാഹനം നൽകുക എന്നിവയായിരുന്നു പ്രധാന വ്യവസ്ഥകൾ. |

| | | | |
|---|---|---|---|
| (സി) | **പ്രസ്തുത** നിർദ്ദേശങ്ങൾ **സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;** | (സി) | ഉണ്ട്. |
| (ഡി) | **അതിന്റെ** ഫലമായി **ഉന്നതവി**ദ്യാഭ്യാസത്തിന്റെ **ഗുണമേന്മ** എത്രമാത്രം **വർദ്ധിച്ചു**വെന്ന് **വിലയിരു**ത്തിയിട്ടുണ്ടോ; **വിശദമാക്കുമോ;** | (ഡി) | ഗവേഷണം നടത്തുന്ന അദ്ധ്യാപകരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അദ്ധ്യാപനത്തിനും അതുമായി ബന്ധപ്പെട്ട പ്രിപ്പറേഷനും ചേർത്ത് ജോലിഭാരം 40 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രായോഗിക രംഗത്തും അക്കാദമിക് രംഗത്തും ധാരാളം സംഭാവനകൾ ചെയ്തിട്ടുള്ള അദ്ധ്യാപകരെ വളർത്തിയെടുക്കാൻ യു.ജി.സി. പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി സാധിച്ചിട്ടുണ്ട്. ഗവേഷണത്തിൽ നിന്നുളവാകുന്ന അവരുടെ അറിവ് വിദ്യാർത്ഥികളുടെ പഠന നിലവാരത്തിന് വളരെയധികം മുതൽക്കൂട്ടാകുന്നുണ്ടെന്ന് വിലയിരുത്തുന്നു. നിരവധി കോളേജുകളിൽ; മികച്ച ഫാക്കൽറ്റികളെ സൃഷ്ടിക്കാൻ ഈ അദ്ധ്യാപകർക്ക് കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | **യു.ജി.സി.** പദ്ധതി **നടപ്പാക്കിയതിന്റെ** ഫലമായി **ഗവേഷണരംഗത്ത്** എന്തെല്ലാം **നേട്ടങ്ങൾ** കൈവരിക്കുവാൻ **കോളേജ്** അദ്ധ്യാപകർക്കും **ഗവേഷകർക്കും കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?** | (ഇ) | ഡിഗ്രി, പി.ജി.വിഭാഗങ്ങൾ മാത്രമുണ്ടായിരുന്ന പല കോളേജുകളും ഇന്ന് മികച്ച റിസർച്ച് സെന്ററുകളും റിസോഴ്സ് കേന്ദ്രങ്ങളുമാണ്. ധാരാളം അദ്ധ്യാപകരെ റിസർച്ച് മേഖല യിലേയ്ക്ക് ആകർഷിക്കാൻ യു.ജി.സി. പദ്ധതി നടപ്പിലാക്കിയതിലൂടെ കഴിഞ്ഞിട്ടുണ്ട്. നിരവധി കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ പ്രോജക്റ്റ് ഫെല്ലോ എന്ന നിലയിൽ ഈ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 100** — 04/03/2010-ൽ മറുപടിക്ക്

### ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എ.സി.മൊയ്തീൻ
ശ്രീ. വി.ജെ.തങ്കപ്പൻ
ശ്രീ.എം.ജെ.ജേക്കബ്ബ്
ശ്രീ. ടി.പി.കുഞ്ഞുണ്ണി
ശ്രീ. ബി. രാഘവൻ

**മറുപടി**

ശ്രീ.കെ.പി. രാജേന്ദ്രൻ,
(റവന്യൂ വകുപ്പു മന്ത്രി)

...

(എ) സംസ്ഥാനത്ത് ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങി യിട്ടുണ്ട്. ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് അപകട ഭീഷണി ഒഴിവാക്കാ നുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക ദുരന്തഫലങ്ങളുടെ ഗുരുതരാവസ്ഥ ലഘൂക രിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക ദുരന്തങ്ങളെ നേരിടുന്നതിനുള്ള കരുത്ത് ആർജ്ജിക്കുക അവയെ നേരിടാനും തരണം ചെയ്യാനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുക. അപകട സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് അനു യോജ്യമായ പദ്ധതികൾ ആവിഷ്ക്ക രിക്കുക എന്നിങ്ങനെയുള്ള പ്രവർത്തന ങ്ങൾ നടപ്പി ലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യുടെ നേതൃത്വ ത്തിൽ സ്വികരിച്ചുവരുന്നു. സംസ്ഥാന ദുരന്ത നിവാരണ നയത്തിന് രൂപം നൽകി സർക്കാരിന്റെ അംഗീകാ രത്തിനായി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ നയം അംഗീകരിച്ചു നടപ്പാക്കുന്നതോടുകൂടി സ്ഥിരം ദുരന്തം ഉണ്ടാകുന്ന സെൻസിറ്റീവ് ഏരിയകൾ തിരിച്ചറിഞ്ഞ് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുന്നതാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യുടെ നേതൃത്വ ത്തിൽ ജില്ലാതലത്തിലുള്ള ദുരന്തനിവാരണ പ്ളാനുകൾ രൂപീകരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

വരുന്നു. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ പ്ളാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കളക്ട്രേറ്റുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവയെ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കേരളത്തിലെ 9 തീരദേശ ജില്ലകൾക്കായുള്ള Early Warning System UNDP യുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ഇതുവഴി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനും അറിയിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ശാസ്ത്രീയമായി ലഭ്യമാകുന്നതാണ്. നാഷണൽ സൈക്ളോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ പൈലറ്റ് പ്രോജക്ട് ആയി കോഴിക്കോട് ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നും വീതം സൈക്ളോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രാസവസ്തുക്കൾ മൂലമുണ്ടാകുന്ന ദുരന്തങ്ങളെ ചെറുക്കുന്നതിനായി സംസ്ഥാന തല വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഈ രംഗത്ത് പഠനങ്ങൾ നടത്തിയ പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാലയിലെ നിരീക്ഷണങ്ങൾ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ സഹായകമാകും. കേരളത്തിലെ എല്ലാ സർക്കാർ എയിഡഡ് സ്കൂളുകളിലും ദുരന്ത നിവാരണ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി സുരക്ഷാ ക്ളബ്ബുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായുള്ള പ്രവർത്തനങ്ങളും അതോറിറ്റിയുടെ പരിഗണനയിൽ ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തുകളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാഭരണകൂടത്തെ സഹായിക്കുന്നതിലേക്കായി യുവകർമ്മ സേന രൂപീകരിക്കുന്നതിനും പദ്ധതിയുണ്ട്. ദുരന്ത നിവാരണ രംഗത്ത് മാധ്യമങ്ങളുടെ പ്രാധാന്യം പരിഗണിച്ച് അച്ചടി മാധ്യമങ്ങളിലെയും ദൃശ്യ മാധ്യമങ്ങളിലെയും പത്രപ്രവർത്ത കർക്ക് മാധ്യമ അവാർഡ് ഏർപ്പെടു ത്തിയിട്ടുണ്ട്.

(ബി) പ്രകൃതി ദുരന്ത വിവരങ്ങൾക്കായി ജില്ലാ ഭൂപടം തയ്യാറാക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട എന്തെല്ലാം വിവരങ്ങളാണ് ഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) &(സി) തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഭൗമശാസ്ത്ര പഠനകേന്ദ്രം പ്രകൃതി ദുരന്ത വിവരങ്ങൾക്കായി സംസ്ഥാനത്തെ 14 ജില്ലകളുടെയും ഭൂപടം തയ്യാറാക്കുന്ന പദ്ധതി 2009 ഓഗസ്റ്റ് മാസം പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളായ ഉരുൾ പൊട്ടൽ, വെള്ളപ്പൊക്കം, കടലാക്രമണം, ഇടിമിന്നൽ, ഭൂചലനം മുതലായവ ജില്ലാ ഭൂപടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഭൂപടങ്ങളിൽ ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന പ്രദേശങ്ങൾ, വെള്ളപൊക്കം അനുഭവപ്പെടുന്ന നദീതടങ്ങൾ, കടലിന്റെ തള്ളിക്കയറ്റം (Storm surge) അനുഭവപ്പെടുന്ന പ്രദേശങ്ങൾ, കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന തീരപ്രദേശങ്ങൾ, സംസ്ഥാനത്തെ ഇടിമിന്നൽ മൂലം അത്യാഹിതങ്ങൾ നടക്കുന്ന പ്രദേശങ്ങൾ എന്നീ വിവരങ്ങളും ജില്ലാ ഭൂപടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ഇടക്കിടെ അനുഭവപ്പെടാറുള്ള ഭൂചലനവും അതിന്റെ തീവ്രതയും രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഭൂപടത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും എന്തെങ്കിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയോ സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടുണ്ടോ;

(ഡി) വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഭൗമശാസ്ത്രപഠനകേന്ദ്രം തയ്യാറാക്കിയിട്ടുള്ള ജില്ലാതല ഭൂപടങ്ങൾ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കളക്ടർമാർക്ക് തുടർപ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനായി നൽകിയിട്ടുണ്ട്. 2009 ആഗസ്റ്റ് മാസം 25, 26 തീയിതികളിൽ ഭൗമശാസ്ത്രപഠനകേന്ദ്രത്തിൽ വച്ചു നടന്ന ശിൽപ്പശാലയിൽ ഇത്തരം ഭൂപടങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ച വിശദവിവരങ്ങൾ സംസ്ഥാത്തെ ജില്ലകളിലെ വിവിധ വകുപ്പുകളുമായും ഭരണാധികാരികളുമായും പഞ്ചായത്തധികാരികളുമായും ചർച്ച ചെയ്യുകയുമുണ്ടായി. ദുരന്തം വരാനിടയുള്ള പ്രദേശങ്ങൾ വേർതിരിച്ച് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഭൂപടം നോക്കി മുൻകരുതൽ എടുക്കാൻ ജില്ലാ ഭരണകേന്ദ്രങ്ങൾക്ക് ഇനി കഴിയുന്നതാണ്.

(ഇ) ഉരുൾപൊട്ടൽ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ ജനവാസം തടയുന്ന തിന് നടപടി സ്വീകരിക്കുമോ ?

(ഇ) 2009-ലെ തെക്കുപടിഞ്ഞാറൻ കാലവർഷവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ വ്യാപകമായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായതിനെക്കുറിച്ച് പഠിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മറ്റിയെ ചുമതല

പ്പെടുത്തുകയുണ്ടായി. ഭൗമശാസ്ത്ര പഠന കേന്ദ്രം, കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സി.ഡബ്ല്യൂ.ആർ.ഡി.എം. കാർഷിക കോളേജ്, ലാന്റ് യൂസ് ബോർഡ് എന്നീ വകുപ്പുകളിലെ ശാസ്ത്രജ്ഞൻമാർ ഉൾപ്പെട്ടിരുന്നു. ഇവർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ ഉണ്ടാകുന്ന പ്രദേശങ്ങളിൽ അടിയന്തിരഘട്ടങ്ങളിൽ പുനരധിവസിപ്പിക്കുന്നതിനായി സ്ഥിരം ഷെൽട്ടറുകൾ നിർമ്മിക്കണമെന്ന്ശുപാർശ ചെയ്യുകയുണ്ടായി. കൂടാതെ ഉരുൾപൊട്ടൽ അടിക്കടി ഉണ്ടാകുന്ന ജില്ലകളിൽ യു.എൻ.ഡി.പി.യുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ പടിപടികൾ ആസൂത്രണം ചെയ്തു വരുന്നു. 2007-ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ വളാൻതോട് എന്ന പ്രദേശത്ത് ഉരുൾപൊട്ടൽ ഉണ്ടായതിനെതുടർന്ന് ഉരുൾപൊട്ടൽ സാദ്ധ്യതകൾ ഏറെയുള്ള പ്രദേശങ്ങളായ വളാൻതോട്, കുന്നമംഗലം വയൽ എന്നീ പ്രദേശങ്ങളിലെ 65 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഭൗമശാസ്ത്ര പഠനകേന്ദ്രം തയ്യാറാക്കി നൽകിയിട്ടുള്ള ജില്ലാ ഭൂപടങ്ങളിൽ ഉരുൾപൊട്ടലിനു സാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളെ പ്രത്യേകമായി അടയാളപ്പെടുത്തിയിട്ടുള്ളതിനാൽ വേണ്ട മുൻകരുതലുകൾ സ്വീകരിക്കുവാൻ ജില്ലാ ഭരണാധികാരികൾക്ക് കഴിയുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 101 — 04/03/2010-ലെ മറുപടിക്ക്

### റവന്യൂ റിക്കവറി നടപടികളിലെ അഴിമതിയും ക്രമക്കേടുകളും

**ചോദ്യം:**

ശ്രീ. എ.എം.യൂസഫ്,
ശ്രീ. സി.എം.ദിനേശ്മണി,
ശ്രീ. എം.എം.മോനായി,
ശ്രീ. എം.കെ.പുരുഷോത്തമൻ.

**മറുപടി:**

ശ്രീ. കെ.പി.രാജേന്ദ്രൻ.
(ബഹു. റവന്യൂ വകുപ്പ് മന്ത്രി)

(എ) റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായിട്ടുള്ള വസ്തു ലേലത്തിൽ എറണാകുളം ജില്ലയിൽ അഴിമതിയും ക്രമക്കേടുകളും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ, രായമംഗലം വില്ലേജിൽ നടന്ന ഒരു റവന്യൂ ലേലം സംബന്ധിച്ച് ലേല കക്ഷിയായ ശ്രീ. വിനേഷ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 17490/08 കേസിലെ 07/04/2009-ലെ ഇടക്കാല ഉത്തരവ് പ്രകാരം നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ ടി ലേലത്തിൽ ക്രമക്കേടുകൾ ഉണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി കേസിൽ 26/09/2009-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ എറണാകുളം ജില്ലയിൽ കുടിശ്ശിക തുകയെക്കാൾ കുറഞ്ഞ തുകയ്ക്ക് നടത്തിയിട്ടുള്ള റവന്യൂ ലേലങ്ങളുടെ പട്ടിക നൽകാൻ ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയും, ഇതുപ്രകാരം 01/01/2005 മുതൽ 30/06/2009 വരെ എറണാകുളം ജില്ലയിൽ നടത്തിയ 79 റവന്യൂ ലേലങ്ങളുടെ പട്ടിക തയ്യാറാക്കി അദ്ദേഹം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. മേൽ പറഞ്ഞ റിട്ട് ഹർജിയിലെ 26/08/2009-ലെ ഇടക്കാല ഉത്തരവിൽ ജില്ലാ കളക്ടർ സമർപ്പിച്ച 79 കേസുകളെ സംബന്ധിച്ച് ഉത്തരവാദിത്വപ്പെട്ട ഒരു റവന്യൂ ഓഫീസറെക്കൊണ്ട് അന്വേഷിച്ച് ഉത്തരവ് സമർപ്പിക്കുവാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയോട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച് ഉത്തരവായി. അതനുസരിച്ച് 19/09/2009-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 3345/09 പ്രകാരം ലാന്റ് റവന്യൂ അഡീഷണൽ കമ്മീഷണറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായ പ്രകാരം 79 കേസുകളെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

(ബി) റവന്യു റിക്കവറി ഇനത്തിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് സർക്കാരിനുണ്ടായിട്ടുള്ളത്;

(ബി) ഇക്കാര്യം പരിശോധിച്ച് വരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഉണ്ട്. അന്വേഷണ വിധേയമാക്കിയ 79 റവന്യൂ ലേല കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) വസ്തു ലേലത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് എല്ലാ ജില്ലകളിലും അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ട്. കേരളത്തിലെ എല്ലാ ജില്ലാ കളക്ടർമാരിൽ നിന്നും 01/01/2005 മുതൽ 30/06/2009 വരെ നടത്തിയിട്ടുള്ള റവന്യൂ ലേലങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായ ശേഷം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(ഇ) ഇത്തരം ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുവാനായി വസ്തു ലേലം സംബന്ധിച്ച് പുതുതായി എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) റവന്യൂ റിക്കവറി നിയമ പ്രകാരം കുടിശ്ശിക ഈടാക്കുന്നതിന് സ്ഥാവര വസ്തുക്കൾ ജപ്തി ചെയ്ത് ലേലം നടത്തുന്നതു സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ ഒരു സർക്കുലർ 02/02/2010-ൽ 7494/എച്ച്3/10/റവ. നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 102 — 04/03/2010-ൽ മറുപടിക്ക്

### ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.കെ.പ്രേംനാഥ്<br>ശ്രീ. കെ.പി.മോഹനൻ<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | ശ്രീ.കെ.പി. രാജേന്ദ്രൻ.<br>(റവന്യൂ വകുപ്പു മന്ത്രി)<br>... |
| (എ) സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനത്തിന് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ലഭ്യമാക്കിയഫണ്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് ദുരന്തനിവാരണ അതോറിറ്റി പ്രവർത്തനം ആരംഭിച്ചശേഷം ഇതുവരെ 20.6 ലക്ഷം രൂപ പ്ളാൻ ഫണ്ട് ഇനത്തിൽ അതോറിറ്റിയുടെ പ്രവർത്തനത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സംസ്ഥാനത്തുടനീളം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ദുരന്ത സാദ്ധ്യതാ പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് അപകട ഭീഷണി ഒഴിവാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക ദുരന്തഫലങ്ങളുടെ ഗുരുതരാവസ്ഥ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക ദുരന്തങ്ങളെ നേരിടുന്നതിനുള്ള കരുത്ത് ആർജ്ജിക്കുക അവയെ നേരിടാനും തരണം ചെയ്യാനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുക, അപകട സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്വികരിച്ചുവരുന്നു. സംസ്ഥാന ദുരന്ത നിവാരണ നയത്തിന് രൂപം നൽകി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ |

നയം അംഗീകരിച്ചു നടപ്പാക്കുന്നതോടുകൂടി സ്ഥിരം ദുരന്തം ഉണ്ടാകുന്ന സെൻസിറ്റീവ് ഏരിയകൾ തിരിച്ചറിഞ്ഞ് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുന്നതാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിലുള്ള ദുരന്തനിവാരണ പ്ളാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാന ദുരന്ത നിവാരണ പ്ളാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കളക്ട്രേറ്റുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവയെ സ്റ്റേറ്റ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കേരളത്തിലെ 9 തീരദേശ ജില്ലകൾക്കായുള്ള Early Warning System UNDP-യുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ഇതുവഴി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനും അറിയിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ശാസ്ത്രീയമായി ലഭ്യമാകുന്നതാണ്. നാഷണൽ സൈക്ളോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽ പൈലറ്റ് പ്രോജക്ട് ആയി കോഴിക്കോട് ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നും വീതം സൈക്ളോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രാസവസ്തുക്കൾ മൂലമുണ്ടാകുന്ന ദുരന്തങ്ങളെ ചെറുക്കുന്നതിനായി സംസ്ഥാന തല വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ഈ രംഗത്ത് പഠനങ്ങൾ നടത്തിയ പ്രഗൽഭരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശിൽപ്പശാലയിലെ നിരീക്ഷണങ്ങൾ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ സഹായകമാകും. കേരളത്തിലെ എല്ലാ സർക്കാർ എയിഡഡ് സ്കൂളുകളിലും ദുരന്ത നിവാരണ പരിശീലനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി സുരക്ഷാ ക്ളബ്ബുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായുള്ള പ്രവർത്തനങ്ങളും അതോറിറ്റിയുടെ പരിഗണനയിൽ ഉണ്ട്. യുവജനക്ഷേമബോർഡിന്റെ സഹകരണത്തോടെ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ജില്ലാഭരണകൂടത്തെ സഹായിക്കുന്നതിലേക്കായി യുവകർമ്മ സേനകൾ ഓരോ പഞ്ചായത്തിലും രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നു. ദുരന്ത നിവാരണ രംഗത്ത് മാധ്യമങ്ങളുടെ

പ്രാധാന്യം പരിഗണിച്ച് അച്ചടി മാധ്യമങ്ങളിലെയും ദൃശ്യ മാധ്യമങ്ങളിലെയും പത്രപ്രവർത്തകർക്ക് മാധ്യമ അവാർഡ് ഏപ്പെടുത്തിയിട്ടുണ്ട്.

(സി) ജില്ലാതല ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ ?

(സി) ജില്ലാ തലത്തിൽ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പ്ളാനുകൾ തയ്യാറാക്കി, 2010 ഏപ്രിൽ മാസത്തിൽ 14 ജില്ലകളിലെയും പ്ളാനുകൾ പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം (UNDP)-ന്റെ സഹകരണത്തോടെ ജില്ലകളിൽ പ്രോജക്ട് കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇതൊടെ ജില്ലാ തല പ്രവർത്തനങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.103

04.03.2010 ൽ മറുപടിയ്ക്ക്

പച്ചക്കറി കൃഷി പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ.റഹീം<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീമതി.കെ.എസ്.സലീഖ,<br>ശ്രീ.സാജു പോൾ | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) പച്ചക്കറി വില നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഓണക്കാലത്ത് അനുഭവപ്പെടാറുള്ള അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിനും ന്യായവിലയ്ക്ക് ഉപഭോക്താക്കൾക്ക് പച്ചക്കറി ലഭ്യമാക്കുന്നതിനും സർക്കാർ കൃഷി വകുപ്പിൻെറ ആഭിമുഖ്യത്തിൽ പഴം, പച്ചക്കറി വിപണന മേളകൾ സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാന തലത്തിൽ ഒരു വിപണനമേളയും 13 ജില്ലാതല മേളകളും 50 താലൂക്ക്തല വിപണന മേളകളും സംഘടിപ്പിക്കുകയുണ്ടായി. ഇതിന് പുറമെ വി.എഫ്.പി.സി.കെയും ഹോർട്ടികോർപ്പും ന്യായ വിലയ്ക്ക് പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തിരുന്നു. 2009 ഡിസംബർ മാസത്തിൽ അനുഭവപ്പെട്ട പച്ചക്കറി വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി വി.എഫ്.പി.സി.കെ 25 ലക്ഷം രൂപ മൂല്യമുള്ള 776.5 മെട്രിക് ടൺ പച്ചക്കറികൾ 30 ശതമാനം വിലക്കുറവിൽ പൊതു വിപണി വഴി വിതരണം ചെയ്തിരുന്നു. |

| | |
|---|---|
| (ബി) ഈ വർഷം പച്ചക്കറി ഉൽപ്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഈ വർഷം കൃഷി വകുപ്പിൻേറയും ഇതര ഏജൻസികളുടേയും ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ മുഖേന 1.5 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു. വി.എഫ്.പി.സി.കെ യുടെ കീഴിൽ കർഷകർ 17830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 268200 മെട്രിക് ടൺ ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് ആയിരം ജൈവ പച്ചക്കറി ഗ്രാമങ്ങൾ പദ്ധതി നടപ്പാക്കുന്നു. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ കീഴിലും പച്ചക്കറി കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമേ വി.എഫ്.പി.സി.കെ ഈ വർഷം ഇതുവരെയായി 35 ടൺ പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് പുറമേ വീട്ടാവശ്യത്തിനായി വീടുകളിൽ കൃഷി ചെയ്യുന്നവരേയും പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതനഗരി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) ഹോർട്ടികോർപ്പിൻെറ കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഹോർട്ടിക്കോർപ്പിൻെറ ഔട്ട്ലെറ്റുകൾ മിക്ക ജില്ലയിലും ആരംഭിച്ചു കഴിഞ്ഞു. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യനമ്പർ 104

04/03/2010 ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. കുഞ്ഞിരാമൻ;<br>ശ്രീ. എം. ഹംസ:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) പൊതു വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പൊതു വിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, എസ്.എസ്.എ., എസ്.സി.ഇ.ആർ.ടി, ഡി.പി.ഐ. എന്നിവർ ഒരു കാര്യക്ഷമതാ വർഷ ഉദ്ഗ്രഥിത കലണ്ടർ തയ്യാറാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കി. അദ്ധ്യാപക തുടർ പരിശീലന പരിപാടി നടപ്പിലാക്കി. എല്ലാ ജില്ലകളിലും ഡി.ഡി.ഇ., ഡയറ്റ്, എസ്.എസ്.എ. എന്നിവർ എല്ലാവരും കൂടി ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ഒ.എസ്.എസ് (തൽസ്ഥല പിൻതുണ) പ്രവർത്തനം കാര്യക്ഷമമാക്കി. ക്യു.ഇ.പി.ആർ സ്ക്കൂളുകൾക്ക് ഉച്ചഭക്ഷണ പരിപാടി, പകരം അദ്ധ്യാപകരെ നിയമിക്കൽ എന്നിവയ്ക്ക് ഫണ്ട് നൽകി. അദ്ധ്യാപക പഠനകൂട്ടങ്ങൾ, രാത്രികാല ക്ലാസ്സുകൾ എന്നിവ നടത്തി. |

ഇതു മൂലം എസ്.എസ്.എൽ.സി.റിസൽട്ട് മെച്ചപ്പെട്ടു. വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും സ്കൂളുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി. ജില്ലാ പഞ്ചായത്തുകളും സ്കൂളുകൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയും അക്കാദമിക പിൻതുണ നൽകിയും മേൽനോട്ടം വഹിച്ചു.

| | | | |
|---|---|---|---|
| (ബി) | അടിസ്ഥാന പഠനസൗകര്യങ്ങൾ എല്ലാ മേഖലകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കഴിഞ്ഞു. സർക്കാരിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും എസ്.എസ്. എ യുടെയും ഇടപെടലുകളിലൂടെ ക്ലാസ്സ് റൂം, കുടിവെള്ളം, മൂത്രപ്പുര തുടങ്ങിയ ഭൗതിക സാഹചര്യങ്ങളിൽ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | എയ്ഡഡ് മേഖലകളിലെ അൺ എക്കണോമിക് ആയിരുന്ന എത്ര സ്കൂളുകൾ ഇപ്പോൾ ആദായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | സ്കൂളുകളിലെ നിയമനനിരോധനം പിൻവലിച്ചതിനെത്തുടർന്ന് പുതുതായി എത്ര അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ജോലി ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | ഡി) | അധിക ഡിവിഷനുകൾ അനുവദനീയമായ സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അത് പൂർത്തിയായതിനുശേഷം മാത്രമേ പുതിയ നിയമനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | ഇപ്പോൾ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകർ നിലവിലുണ്ടെന്നും ഇവർക്ക് പുനർ നിയമനം നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ? | ഇ) | സംസ്ഥാനത്ത് ഇപ്പോൾ 3083 പ്രൊട്ടക്ടഡ് അദ്ധ്യാപകർ നിലവിലുണ്ട്. പ്രൊട്ടക്ടഡ് അദ്ധ്യാപകരെ ഒഴിവുള്ള ഗവ. സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമാണ് പുനർ നിയമനം നല്കുന്നത്. പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പുനർ നിയമിക്കുന്നതിന്റെ ഭാഗമായാണ് 1979 മുതൽ 1990 വരെ സ്ഥാപിക്കപ്പെട്ട എയ്ഡഡ് സ്കൂളുകളിൽ ഒരു പ്രൊട്ടക്ടഡ് അദ്ധ്യാപകനെയെങ്കിലും നിയമിക്കണമെന്നും 1990 നുശേഷം സ്ഥാപിക്കപ്പെട്ട സ്കൂളുകളിൽ മുഴുവൻ തസ്തികകളിലും പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കണമെന്നും ഉത്തരവായിട്ടുണ്ട്. 2006-2007 അദ്ധ്യയന വർഷം മുതൽ അധിക ഡിവിഷൻ വേക്കൻസികളിൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് തുല്യമായ എണ്ണം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
<u>പതിനാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 105</u>      <u>4.3.2010 - ൽ മറുപടിയ്ക്ക്</u>

## <u>സുനാമി പുനരധിവാസ പദ്ധതിപ്രകാരം നടത്തിയ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.വി. അബ്ദുൾ ഖാദർ,<br>ശ്രീ.പി.വിശ്വൻ,<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി,<br>ശ്രീ.എ.പ്രദീപ് കുമാർ,<br>ശ്രീ.എം.കെ. പുരുഷോത്തമൻ. | ശ്രീ. കെ.പി. രാജേന്ദ്രൻ,<br>(റവന്യു വകുപ്പ് മന്ത്രി) |
| (എ) സുനാമി പുനരധിവാസ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) സുനാമി ദുരന്തത്തിനിരയായവരുടെ പുനരധിവാസ ത്തിനും സുനാമിബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനുമായി അധിക കേന്ദ്ര സഹായത്തോടെയുള്ള സുനാമി പുനരധിവാസ പദ്ധതി (TRP), ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെയുള്ള സുനാമി അടിയന്തിര സഹായപദ്ധതി (TEAP) എന്നിവയാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികളുടെ ആകെ അടങ്കൽ തുക 1441.75 കോടി രൂപയാണ്. 245.46 കോടി രൂപ വകയിരുത്തപ്പെട്ട സുനാമി അടിയന്തിര സഹായ പദ്ധതിയ്ക്കു കീഴിൽ 5 പദ്ധതി നിർവ്വഹണ യൂണിറ്റുകളും, 1148 കോടി രൂപ വകയിരുത്തപ്പെട്ട സുനാമി പുനരധിവാസ പദ്ധതിയ്ക്കു കീഴിൽ 15 പദ്ധതി നിർവ്വഹണ യൂണിറ്റുകളും വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ജൈവ-കവചം, അഴുവപ്പ്രികൾ, അംഗൻവാടികൾ, സ്കൂളുകൾ, പാലം, റോഡ്, വീടുകൾ തുടങ്ങിയവയുടെ നിർമ്മാണം, ജീവനോപാധികൾ, വൈദ്യുതി വിതരണം, ജലവിതരണം, വിനോദസഞ്ചാര വികസനം തുടങ്ങിയ പ്രവർത്തനങ്ങളാണ് സുനാമി പുനരധിവാസ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) പദ്ധതിപ്രകാരം എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; അതിൽ എത്രയെണ്ണം പൂർത്തിയായി ട്ടുണ്ട്. | (ബി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം ജനറൽ പാക്കേജിൽ 11,000 വീടുകളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 6765 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സുനാമി പുനരധിവാസത്തിനായി എ.ഡി.ബി. സഹായമായി എത്ര കോടി രൂപ ലഭിച്ചു; എത്ര കോടി രൂപ ചെലവായിട്ടുണ്ട് എന്ന് അറിയിക്കുമോ ; | (സി) | സുനാമി പുനരധിവാസത്തിനായി നിശ്ചയിക്കപ്പെട്ടിരുന്ന എ.ഡി.ബി. ധനസഹായം 245.46 കോടി രൂപയായിരുന്നു. ഡോളറിന്റെ വിനിമയ നിരക്കിൽ വന്ന വ്യത്യാസംമൂലം 253.21 കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | സുനാമി പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; ഈ തുക പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ഡി) | സുനാമി പുനരധിവാസത്തിനായുള്ള അധിക കേന്ദ്രസഹായം 1148 കോടി രൂപയാണ്. ഇതിൽ 824.85 കോടി രൂപ കേന്ദ്രസർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ട്. അനുവദിച്ചതിൽ 824.78 കോടി രൂപ ഇതിനകം വിനിയോഗിച്ചുകഴിഞ്ഞു. ബാക്കിയുള്ള 323.15 കോടി രൂപ ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| (ഇ) | പുനരധിവാസ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ ? | (ഇ) | എ.ഡി.ബി. സഹായത്തോടെയുള്ള സുനാമി അടിയന്തിര സഹായ പദ്ധതി (TEAP) 31.10.2009-ന് പൂർത്തിയായി. സുനാമി പുനരധിവാസ പദ്ധതി (TRP) യുടെ കാലാവധി 31.3.2010 വരെയാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 106*</u> — <u>4.3.2010 ൽ മറുപടിക്ക്</u>

<u>മലയോര ഹൈവേ ആരംഭിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം : | ശ്രീ. പി. ജെ. ജോസഫ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മലയോര ഹൈവേ ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) കാസർകോഡ് ജില്ലയിലെ നന്ദാരപ്പദവ് മുതൽ പാലക്കാട് ടൗൺ വരെയും പാലക്കാട് ടൗൺ മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെയും രണ്ടു ഘട്ടങ്ങളിലായുള്ള റോഡ് അലൈൻമെന്റ് അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | (ബി) ഭൂമി ഏറ്റെടുക്കൽ നടപടി തുടങ്ങിയിട്ടില്ല. |
| (സി) ഏതെല്ലാം ഘട്ടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി). കണ്ണൂർ ജില്ലയിൽ മലയോര ഹൈവേയുടെ പുറന്താൺ മുതൽ നുച്ചിയാട് വരെയുള്ള ദൂരം പരിഷ്കരിച്ചുകഴിഞ്ഞു. മറ്റ് ജില്ലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടില്ല. |
| (ഡി) പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് അറിയിക്കുമോ ; | (ഡി) കൃത്യമായി കണക്കാക്കിയിട്ടില്ല. |
| (ഇ) ഇതിന് ആവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ഇ) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.107. | 04.03.2010-ൽ മറുപടിക്ക്

## നാഷണൽ കമ്മീഷൻ ഫോർ ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ച് ബില്ലിലെ പ്രധാന വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി ) |
| (എ) ഉന്നതവിദ്യാഭ്യാസ പരിഷ്ക്കരണത്തിനായി കേന്ദ്രസർക്കാർ തയ്യാറാക്കിയിട്ടുള്ള നാഷണൽ കമ്മീഷൻ ഫോർ ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ച് ബില്ലിലെ പ്രധാന വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. യു.ജി.സി., എ.ഐ.സി.ടി.ഇ., എൻ.സി.ടി.ഇ.എന്നീ സ്ഥാപനങ്ങൾ നിറുത്തലാക്കിക്കൊണ്ട് അവയുടെ പ്രവർത്തനങ്ങൾ നാഷണൽ കമ്മീഷൻ ഫോർ ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ച് എന്ന പുതിയ സ്ഥാപനത്തിന് കീഴിൽ സംയോജിപ്പിക്കുക എന്നതാണ് ഒരു ലക്ഷ്യം.. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണം ഏർപ്പെടുത്തിക്കൊണ്ട് അവയുടെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നുള്ളതാണ് മറ്റൊരു പ്രഖ്യാപിത ലക്ഷ്യം. |
| (ബി) പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ബന്ധപ്പെട്ട ടാസ്ക് ഫോഴ്സിനു മുൻപാകെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ട്. പ്രധാനമായും ഉദ്ദേശലക്ഷ്യങ്ങളും ബില്ലിലെ വ്യവസ്ഥകളും തമ്മിലുള്ള പൊരുത്തക്കേടും സർവകലാശാലകളുടെ സ്ഥാപനത്തിലും വൈസ് ചാൻസലർമാരുടെ നിയമനത്തിലും സംസ്ഥാന സർക്കാരുകൾക്ക് ഇപ്പോഴുള്ള അധികാരങ്ങൾ പുതിയ ദേശീയ |

| | | | |
|---|---|---|---|
| | | | കമ്മീഷൻ നിലവിൽ വരുന്നതോടുകൂടി ഇല്ലാതാകുന്നതുമായി ബന്ധപ്പെട്ട ആശങ്കകളുമാണ് ടാസ്ക് ഫോഴ്സ് മുമ്പാകെ അവതരിപ്പിക്കപ്പെട്ടത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 16.02.2010-ന് തിരുവനന്തപുരത്ത് കേന്ദ്ര സർക്കാർ സംഘടിപ്പിച്ച ചർച്ചയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ, വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാർ എന്നിവർ പങ്കെടുത്തിരുന്നു. |
| (സി) | പുതിയ സർവ്വകലാശാലകളും കോഴ്സുകളും ആരംഭിക്കുന്നതിന് ദേശീയ കമ്മീഷന്റെ അനുമതി വേണമെന്ന വ്യവസ്ഥ സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ.? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-108     04-3-2010 ൽ മറുപടിയ്ക്ക്.

## മലയാളം സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ: | ശ്രീ. എം.എ. ബേബി |
| പ്രൊഫ. എൻ. ജയരാജ്: | (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലയാളം സർവ്വകലാശാല തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം **വ്യക്തമാക്കുമോ ;** | (എ) & (ബി) | മലയാളം **സർവ്വകലാശാല തുടങ്ങുന്നതു സംബന്ധിച്ച വിഷയം** ഇപ്പോൾ **സർക്കാരിന്റെ** പരിഗണനയിലില്ല. |
| (ബി) | എങ്കിൽ പ്രസ്തുത സർവ്വകലാശാലയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.109 04.03.2010-ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു :<br>ശ്രീ. എൻ.രാജൻ :<br>ശ്രീ. ബാബു പോൾ :<br>ശ്രീ.പള്ളിപ്രം ബാലൻ :<br>ശ്രീ. എ.കെ.ചന്ദ്രൻ : | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപ അനുവദിച്ചു ; | (എ) ദേശീയപാത വികസനത്തിനായി എൻ.എച്ച്.ഡി.പി ഫേസ് II&III-ൽ എൻ.എച്ച് 47 നാലുവരി/ആറുവരി പാതയാക്കുന്നതിനായി 5 പാക്കേജുകളിലായി 296.17 കി.മീ പാത വികസിപ്പിക്കുന്നതിലേയ്ക്ക് 6313.53 കോടി രൂപ മതിപ്പുചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. എൻ.എച്ച് 17-ലെ 438.16 കി.മീ നാലുവരി പാതയാക്കുന്നതിനായി 5 പാക്കേജുകളിലായി 4164 കോടി രൂപ ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ തുക മുഴുവൻ കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. |
| (ബി) പ്രസ്തുത ആവശ്യത്തിലേക്കായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട് ; ഇതിനകം എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തു ; | (ബി) എൻ.എച്ച് 47-ൽ 500.86 ഹെക്ടർ സ്ഥലം ആണ് ഏറ്റെടുക്കേണ്ടത്. ഇതിൽ വാളയാർ മുതൽ തൃശ്ശൂർ വരെയുള്ള 112.56 ഹെക്ടർ ഏറ്റെടുത്തു കഴിഞ്ഞു. എൻ.എച്ച് 17-ന്റെ വികസനത്തിനായി 866.36 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| (സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പുനരധിവാസ പാക്കേജുകൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ; | (സി) ഇല്ല. |
| (ഡി) ഈ പദ്ധതി നടത്തിപ്പിലുള്ള കാലതാമസം കൊണ്ട് ഇതിനായി ലഭിച്ച ഫണ്ട് നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ ; വ്യക്തമാക്കുമോ ; | (ഡി) സ്ഥലമേറ്റെടുപ്പിന് കാലതാമസം വന്നാൽ പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ട് നഷ്ടപ്പെടുവാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-110 04-3-2010 ൽ മറുപടിയ്ക്ക്.

## ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>ശ്രീ. കെ.കെ. ഷാജു;<br>ശ്രീ. കെ.ബി. ഗണേഷ്കുമാർ: | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) അടുത്ത അദ്ധ്യയന വർഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് കൃത്യസമയത്ത് അദ്ധ്യയനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) അടുത്ത അദ്ധ്യയന വർഷം കൃത്യ സമയത്ത് അദ്ധ്യയനം ആരംഭിക്കുന്നതിന് സർക്കാർ തലത്തിലും സർവ്വകലാശാലാ തലത്തിലും നടപടി തുടർച്ചയായി സ്വികരിച്ചു വരികയാണ്. സർവ്വകലാശാല കൾ അക്കാദമിക് കലണ്ടർ പ്രസിദ്ധികരിക്കുകയും അതു പ്രകാരം ക്ലാസുകൾ ആരംഭിക്കുകയും ചെയ്യുന്നുണ്ട്. കോളേജുകളിൽ ഏർപ്പെടുത്തിയ ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനും സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ വത്കരണ പുരോഗതി വിലയിരുത്താനും സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരി ക്കു | (ബി) ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പരിപാടി കൾ നടപ്പിലാക്കിവരുന്നു. ഡിഗ്രി തലത്തിൽ ആരംഭിച്ചിട്ടുള്ള ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും ഗുണനിലവാരം |

മെന്ന് വ്യക്തമാക്കുമോ ?

മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിലൂടെ മികവുറ്റ വിദ്യാർത്ഥികളെ അടിസ്ഥാന വിഷയങ്ങളുടെ പഠന ഗവേഷണ മേഖലയിലേക്ക് ആകർഷിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. പരീക്ഷാ നടത്തിപ്പ്, ടീച്ചർ എഡ്യുക്കേഷൻ, ബിരുദാനന്തര പഠനം എന്നിവ സമഗ്രമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ വിവിധ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് വരുന്ന മുറയ്ക്ക് ഈ തലങ്ങളിലെല്ലാം പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉന്നത വിദ്യഭ്യാസ രംഗം ഗുണപരമായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 111 — 04.03.2010 -ൽ മറുപടിക്ക്

### ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) |

| | |
|---|---|
| (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 4 തലങ്ങളിലായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റ് വർദ്ധിപ്പിച്ചതോടെ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ ഒരു പരിധി വരെ സുഗമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. താലൂക്ക് ലൈബ്രറി കൗൺസിലുകളുടെ നേതൃത്വത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയ്ക്കുള്ളിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രദേശത്തെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്പെടത്തുന്നതിനും നേതൃസമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>ജില്ലാ ലൈബ്രറി കൗൺസിലുകൾ തയ്യാ |

റാക്കുന്ന വികസന പദ്ധതികൾ വഴി ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് വിപുലമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓരോ വർഷവും 2.50 കോടി രൂപയോളം ഇത്തരത്തിൽ സംസ്ഥാനത്ത് വിനിയോഗിക്കപ്പെടുന്നു. ലൈബ്രറികളുടെ കമ്പ്യൂട്ടറൈസേഷൻ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ ഉൾപ്പെടെ ഗ്രന്ഥശാലാ പ്രവർത്തനത്തെ നവീകരിക്കാൻ ഇതിലൂടെ കഴിയുന്നുണ്ട്.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നേരിട്ട് 2009-2010 വർഷത്തേയ്ക്ക് 7 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഗ്രന്ഥശാലാ രംഗത്ത് നടപ്പിലാക്കുന്നത്. 864 ഗ്രന്ഥശാലകളിൽ കുട്ടികളുടെ വിഭാഗമായ ബാലവേദി പ്രവർത്തിക്കുന്നു. 761 ഗ്രന്ഥശാലകളിൽ സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി സ്റ്റുഡന്റ്സ് കോർണർ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ വായനാഭിരുചി കണക്കിലെടുത്ത് വനിതാ ലൈബ്രേറിയൻമാർ തന്നെ പുസ്തകം വീടുകളിലെത്തിക്കുന്ന വനിതാ പുസ്തക വിതരണ പദ്ധതി എ, ബി ഗ്രേഡ് ഗ്രന്ഥശാലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹിക - സാംസ്ക്കാരിക ജീവിതത്തിന്റെ നേതൃനിരയിലേക്ക് സ്ത്രീകളെ കൊണ്ടു വരുന്നതിനും

സമൂഹത്തിന്റെ ആരോഗ്യ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ സ്ത്രീകളെ മുഖ്യ പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ട് വനിതാവേദി എന്ന പദ്ധതി നടപ്പി ലാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽ വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും സഹായിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകു ന്നതിനും ഓരോ താലൂക്കുകളിലും കരിയർ ഗൈഡൻസ് സെന്ററുകൾ പ്രവർത്തിക്കുന്നു. 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയോടെ 63 താലൂക്കുകളിലും തെരഞ്ഞെടുത്ത ഓരോ ഗ്രന്ഥശാലകളിലും ആരംഭിച്ച താലൂക്ക് റഫ റൻസ് ലൈബ്രറികൾ റഫറൻസ് പുസ്തക ശേഖരത്തിന്റെ കാര്യത്തിൽ സമ്പുഷ്ടമാണ്. 14 ജില്ലകളിലും ഓരോ അക്കാദമിക് സ്റ്റഡി സെന്ററുകൾ പ്രവർത്തിക്കുന്നു.

ഓരോ പ്രദേശത്തെയും സമ്പൂർണ്ണ സംവേദന കേന്ദ്രങ്ങളായാണ് ഓരോ ജില്ല യിലും ഓരോ ഗ്രന്ഥശാലകൾ വീതം മോഡൽ വില്ലേജ് ലൈബ്രറികളായി ഉയർത്തിയിട്ടു ള്ളത്. കുട്ടികളുടെ വിഭാഗം , സ്ത്രീകളുടെ വിഭാഗം, ഇക്കോ ക്ലബ്ബ്, ഫിലിം ക്ലബ്ബ് തുടങ്ങി എല്ലാ മേഖലകളിലും ഉൾക്കൊള്ളുന്ന പദ്ധതി കളാണ് ഇവിടെ നടപ്പിലാക്കുന്നത് . സംസ്ഥാ

നത്തെ ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രന്ഥശാലകളുടെ സഹകരണത്തോടെ നടത്തി വരുന്ന അഖിലകേരള വായന മത്സരം കേരളത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ അക്ഷരോത്സവം എന്നാണ് അറിയപ്പെടുന്നത്.

ട്രൈബൽ ഏരിയകൾ കേന്ദ്രീകരിച്ച് ട്രൈബൽ ലൈബ്രറികൾ സ്ഥാപിക്കാൻ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്. മികച്ച നിലയിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ഗ്രന്ഥശാലകൾക്ക് പെർഫോമൻസ് ഗ്രാന്റായി 5,000/- രൂപ വീതം അനുവദിച്ചുകൊണ്ട് ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന് അംഗീകാരം നൽകുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ വർഷം കൗൺസിൽ ഗ്രന്ഥശാലകളുടെ വികസന പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ; | (ബി) | പദ്ധതിയിനത്തിൽ 16,78,038/- രൂപയും പദ്ധതിയേതര വികസന പ്രവർത്തനങ്ങൾക്കായി 8,55,02,545/- രൂപയും ഈ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ജനങ്ങളിൽ വായനാശീലം വളർത്തിയെടുക്കുന്നത് ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (സി) | ജനങ്ങളിൽ വായനാശീലം സംരക്ഷിക്കുന്നതിനും വളർത്തുന്നതിനും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾ ശക്തമായി തുടരുന്നു. |

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ആറായിരത്തോളം അഫിലിയേറ്റഡ് ലൈബ്രറികൾ സ്വാഭാവിക പുസ്തക വിതരണം നടത്തുന്നതിനു പുറമെ; വായനശീലം പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി കൗൺസിലിന്റെ ധനസഹായത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. കുട്ടികളുടെ വായനശീലം വളർത്തുന്നതിന് സംസ്ഥാനത്തെ 1000 ഗ്രന്ഥശാലകളിൽ ബാലവേദി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി അഖില കേരള വായന മത്സരം, 1000 ഗ്രന്ഥശാലകളിൽ സ്റ്റുഡൻസ് കോർണർ, സ്ത്രീകളുടെ വായനശീലം സംരക്ഷിക്കുന്നതിന് 500 ഗ്രന്ഥശാലകളിൽ വനിതാവേദി, എല്ലാ എ,ബി, ഗ്രേഡ് ഗ്രന്ഥശാലകളിലും വനിതാ പുസ്തക വിതരണ പദ്ധതി തുടങ്ങിയവ നടത്തി വരുന്നു.

അഖില കേരള വായന മത്സരത്തിൽ കഴിഞ്ഞ വർഷം പങ്കു ചേർന്ന ഹൈസ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം 14 ലക്ഷമാണ്. 26,68,800 ആണ് പ്രതിവർഷം സ്റ്റുഡൻസ് കോർണർ ഉപയോഗിക്കുന്ന സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണമായി കണക്കാക്കുന്നത്. മൂന്നു ലക്ഷത്തോളം വനിതാവേദി അംഗങ്ങൾ ഗ്രന്ഥശാല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. 72,21,600 പേരാണ് വനിതാ പുസ്തക വിത

രണ പദ്ധതിയുടെ ഗുണ ഭോക്താക്കളായി കണക്കാക്കിയിട്ടുള്ളത്.

യുവാക്കളുടെയും സർവകലാശാലാ വിദ്യാർത്ഥികളുടെയും വായനയെ കേന്ദ്രീകരിച്ചാണ് പ്രധാനമായും അക്കാദമിക് സ്റ്റഡി സെന്ററുകൾ, കരിയർ ഗൈഡൻസ് സെന്ററുകൾ, താലൂക്ക് റഫറൻസ് ലൈബ്രറികൾ എന്നിവയും പ്രവർത്തിക്കുന്നത്. ഓരോ താലൂക്കിലുമുള്ള റഫറൻസ് ലൈബ്രറികൾ മാത്രം കഴിഞ്ഞ വർഷം അഞ്ചുലക്ഷത്തിലേറെ പേർ പ്രയോജനപ്പെടുത്തി.

ജയിൽ ജുവനൈൽഹോം ലൈബ്രറി സർവ്വീസ്, ഹോസ്പിറ്റൽ ലൈബ്രറി സർവ്വീസ്, ട്രൈബൽ ലൈബ്രറികൾ, ഓർഫനേജ് ലൈബ്രറി സർവ്വീസ് എന്നിങ്ങനെ എല്ലാ മേഖലകളിലും തന്നെ വായനയുടെ സംസ്കാരം കൊണ്ടു വരുവാൻ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്.

ജനങ്ങളുടെ വായനശീലവും സമൂഹത്തിന്റെ വികസന സങ്കൽപ്പങ്ങളും സമന്വയിപ്പിച്ച് പ്രവർത്തനങ്ങൾ തയ്യാറാക്കുവാൻ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സാധ്യമായിട്ടുണ്ട്. അതോടൊപ്പം തന്നെ ആധുനിക വിവര

| | |
|---|---|
| | സാങ്കേതിക വിദ്യയുടെ ഗുണാംശങ്ങൾ സ്വാംശീകരിച്ച് ഇന്റർനെറ്റ് സംവിധാനത്തോടെ ഗ്രന്ഥശാലകളെ നവീകരിക്കുകയും ഇ - റീഡിംഗിന് സഹായിക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന ലൈബ്രറികൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ഡി) നല്ല നിലയിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ലൈബ്രറികൾക്ക് 2008-2009 വർഷം മുതൽ പെർഫോമൻസ് ഗ്രാന്റായി 5,000/- രൂപ നൽകാനുള്ള ആദ്യഘട്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. ഒരു വർഷത്തിൽ 10 പരിപാടികൾ സംഘടിപ്പിക്കുന്ന എ മുതൽ എഫ് വരെ ഗ്രേഡിലുള്ള ലൈബ്രറികൾക്ക് 4,000/- രൂപ പ്രവർത്തന ഗ്രാന്റായി ഈ വർഷം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മികച്ച നിലവാരം പുലർത്തുന്ന ഗ്രന്ഥശാലകൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 30,000/- രൂപയുടെ ഇ.എം.എസ്. പുരസ്കാരവും സംസ്ഥാനത്തെ ഏറ്റവും നല്ല ഗ്രന്ഥശാലാ പ്രവർത്തകന് 15,000/- രൂപയുടെ പി.എൻ. പണിക്കർ പുരസ്കാരവും നൽകി വരുന്നു. ഇതു കൂടാതെ ഡി.സി. പുരസ്കാരം, സമാധാനം പരമേശ്വരൻ പുരസ്കാരം, എൻ.ഇ. ബലറാം പുരസ്കാരം, പി. രവീന്ദ്രൻ പുരസ്കാരം എന്നിവയും മികച്ച ലൈബ്രറികൾക്ക് നൽകി |

വരുന്നു. മറ്റു പദ്ധതി- പദ്ധതിയേതര പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് വിവിധ ധനസഹായങ്ങൾ നൽകുന്നുണ്ട്.

( ഇ ) ഇന്റർനെറ്റ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സൗകര്യങ്ങളും റഫറൻസ് വിഭാഗവും എല്ലാ ലൈബ്രറികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

( ഇ ) സംസ്ഥാനത്തെ ഗ്രന്ഥശാലകളിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇന്റർനെറ്റ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സൗകര്യവും റഫറൻസ് വിഭാഗവും ഏർപ്പെടുത്തണമെന്നാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ലക്ഷ്യമിടുന്നത്. എന്നാൽ ഗ്രന്ഥശാലകളുടെ ഭൗതിക സാഹചര്യവും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുക്കുമ്പോൾ ഇത് അപ്രാപ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലകളിൽ ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 63 താലൂക്ക് റഫറൻസ് ലൈബ്രറികളിലും 14 മോഡൽ വില്ലേജ് ലൈബ്രറികളിലും 14 അക്കാദമിക് സ്റ്റഡി സെന്ററുകളിലും റഫറൻസ് സൗകര്യങ്ങളും കമ്പ്യൂട്ടർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി കേരളത്തിലെ എല്ലാ എ ഗ്രേഡ് ലൈബ്രറികളിലും കമ്പ്യൂട്ടർ സംവിധാനം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക സഹായം നൽകുന്നതാണെന്ന വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് നടപ്പി

ലാവുകയാണെങ്കിൽ സംസ്ഥാനത്തെ എല്ലാ എ ഗ്രേഡ് ലൈബ്രറിയും ( കുറഞ്ഞത് ഒരു പഞ്ചായത്തിൽ ഒന്ന് വീതം) കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുവാൻ കഴിയും. ഇതിനുള്ള സാങ്കേതിക സഹായം കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ലഭ്യമാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ NIC രൂപ കൽപ്പന ചെയ്ത ഇ - ഗ്രന്ഥാലയ എന്ന മലയാളം ലൈബ്രറി സോഫ്റ്റ്‌വെയർ ഗ്രന്ഥശാലകളിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇവ ഘട്ടം ഘട്ടമായി ഗ്രന്ഥശാലകളിൽ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 112 — 4.3.2010 ൽ മറുപടിയ്ക്ക്

നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. എം. എം. മോനായി : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ) നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ കൊടുത്തിരിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സഹായകരമായ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി.<br>2. പ്രശ്ന ബാധിത നെൽകൃഷി മേഖലയുടെ വികസനം ലക്ഷ്യമാക്കി നെൽകർഷകർക്ക് ഗ്രീൻകാർഡ് നല്കുന്ന പദ്ധതി<br>3. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം. നടപ്പുവർഷം ഈ പദ്ധതിയിൻ കീഴിൽ 150 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br>4. പ്രദർശന തോട്ടങ്ങൾ സജ്ജമാക്കൽ പദ്ധതി<br>5. വിത്ത് ഉൽപ്പാദന പദ്ധതി<br>6. സബ്സിഡി നിരക്കിൽ കുമ്മായ വസ്തുക്കളുടെ വിതരണം, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം ഉറപ്പു. |

വരുത്തൽ, കീടനാശിനികളുടെ വിതരണം എന്നീ പദ്ധതികൾ.

7. കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി 932 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
8. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ പാലക്കാട് ജില്ലയെ ഉൾപ്പെടുത്തി നെല്ല് ഉൽപ്പാദനം
9. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചു.
10. സഹകരണ വകുപ്പിന്റെ സഹായത്തോടെ നെൽകർഷകർക്ക് പലിശ രഹിത വായ്പ
11. നെൽകൃഷിയ്ക്ക് സൗജന്യ വൈദ്യുതി
12. ഉൽപ്പാദന ബോണസ്സ്
13. സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിൽ നെല്ല് സംഭരണം
14. തരിശു വയലുകളിൽ വീണ്ടും കൃഷി
15. കര കൃഷി

(ബി) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയതിനുശേഷം നെല്ല് ഉൽപ്പാദനത്തിലും നെൽകൃഷിയുടെ വിസ്തൃതിയിലും എന്തു മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ബി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പദ്ധതി ഘടകങ്ങൾ മൂന്നാം വിള സീസണിൽ കൂടി നടപ്പിലാക്കി വരുന്നതിനാൽ നെല്ല് ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ് മൂന്നാം വിള സീസൺ കഴിഞ്ഞുമാത്രമേ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. എന്നാൽ ദേശീയ സുരക്ഷാ പദ്ധതിയിൽ 2008-09 ൽ ഉൽപ്പാദനം 244244 ടണ്ണിൽ നിന്ന്

ഏകദേശം 295500 ടണ്ണായി വർദ്ധിച്ചി ട്ടുണ്ട്. ഏതാണ്ട് 5000 ഹെക്ടറിൽ കൂടുത ലായി നെൽകൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (സി) നെൽകൃഷി ആദായകരമാക്കുന്ന തിനും നെൽകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ? | (സി) നടപ്പു സാമ്പത്തിക വർഷം പുതു തായി നടപ്പിലാക്കിയ സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി അടുത്ത സാമ്പത്തിക വർഷവും നടപ്പാക്കുന്നതാണ്. കൂടാതെ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം.113 — 04.03.2010-ൽ മറുപടിക്ക്.

ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ജനിതകമാറ്റം വരുത്തിയ ഏതെങ്കിലും വിത്തിനങ്ങൾ സംസ്ഥാനത്ത് വ്യക്തികളോ സ്വകാര്യ സ്ഥാപനങ്ങളോ കൃഷി സ്ഥലങ്ങിൽ പരീക്ഷണം നടത്തുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ എന്നും എന്തെല്ലാം വിത്തിനങ്ങളെന്നും വെളിപ്പെടുത്തുമോ; | എ) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങൾ സംസ്ഥാനത്ത് വ്യക്തികളോ സ്വകാര്യ സ്ഥാപനങ്ങളോ കൃഷി സ്ഥലങ്ങളിൽ പരീക്ഷണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കേരളത്തെ ഒരു ജി.എം. വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ബി) സ്വകാര്യ വിത്ത് ഉൽപ്പാദന മേഖലയെ സംബന്ധിച്ച് വ്യക്തമായ ധാരണയും നിയന്ത്രണവും നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | ബി) ഉണ്ട്, നിലവിലുള്ള വിത്ത് നിയമം വിത്ത് ചട്ടങ്ങൾ (Seed Act & Seed rules ) എന്നിവകളിലെ വ്യവസ്ഥകൾ പ്രകാരം ഏതൊരു സ്വകാര്യ വ്യക്തിക്കും കമ്പനികൾക്കും വിത്തുല്പാദനത്തിൽ ഏർപ്പെടാവുന്നതാണ്. ഇത്തരം വിത്തുകൾ സർട്ടിഫൈഡ് വിത്തായോ 'ട്രൂത്ഫുള്ളി ലേബൽട്' വിത്തായോ ഉത്പാദിപ്പിച്ചു വിതരണം നടത്താവുന്നതാണ്.<br>സർട്ടിഫൈഡ് വിത്തായി വിത്തുവിതരണം നടത്തണമെങ്കിൽ വിത്തുല്പാദന നടപടിക്രമങ്ങൾ സംസ്ഥാന വിത്ത് സർട്ടിഫിക്കേഷൻ ഏജൻസിയുടെ നിയന്ത്രണത്തിന് വിധേയമായിരിക്കണം. വിത്തിന്റെ |

ഗുണനിലവാരം വിത്തുപരിശോധനാ ലാബിൽ പരിശോധിച്ചു ഉറപ്പു വരുത്തേണ്ടതും സർട്ടിഫിക്കേഷൻ ഏജൻസിയുടെ സർട്ടിഫിക്കറ്റു ലഭ്യമാക്കേണ്ടതുമാണ്.

" ട്രുത്ഫുള്ളി ലേബൽഡ് " വിത്തായി വിതരണം നടത്തുമ്പോൾ സർട്ടിഫിക്കേഷൻ നിർബന്ധമല്ല എങ്കിലും ഇത്തരം വിത്ത് ഉത്പാദിപ്പിക്കുന്ന കമ്പനി / വ്യക്തി ഉൾപ്പെട്ട പ്രദേശത്തെ സീഡ് ഇൻസ്പെക്ടർ മാരുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്ന നടപടിക്രമങ്ങൾക്ക് വിധേയമായിരിക്കും. ഇത്തരം വിത്ത് ഉത്പാദിപ്പിക്കുമ്പോൾ ചുവടെ ചേർക്കുന്ന നിബന്ധനകൾ കർശനമായി പാലിച്ചിരിക്കണം.

1. വിത്തുല്പാദനം സീഡ് -ആക്ടിലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം

2. വിത്ത് പരിശോധനാ ലാബിൽ പരിശോധനക്ക് വിധേയമാക്കി ഗുണമേന്മ ഉറപ്പു വരുത്തിയിരിക്കണം.

3. വിൽപ്പന നടത്തുന്ന പാക്കറ്റ് / കണ്ടയിനറുകളിൽ വിത്തിന്റെ ഗുണനിലവാരം വ്യക്തമാക്കുന്ന ലേബൽ പതിച്ചിരിക്കണം.

സീഡ് ഇൻസ്പെക്ടർമാർ ഇത്തരം വിത്തുകളുടെ സാമ്പിൾ ശേഖരിച്ചു പരിശോധനക്ക് വിധേയമാക്കുമ്പോൾ ലേബലിൽ വ്യക്തമാക്കിയിട്ടുള്ള ഗുണമേന്മ ഘടകങ്ങൾ വിത്തിനില്ല എങ്കിൽ ടി വ്യക്തി / കമ്പനി ക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും, വിത്ത് വിതരണം നിർത്തി വയ്ക്കുന്നതിനു ഉത്തരവ് നൽകുവാനും സീഡ് ഇൻസ്പെക്ടർമാർക്ക് അധികാരം ഉണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 114 — 4.3.2010 ൽ മറുപടിയ്ക്ക്

കുട്ടനാട് പാക്കേജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.സി.കെ.പി.പത്മനാഭൻ :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.വി.എൻ.വാസവൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ), | കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു<br>ജൂലായ് 2008 ൽ കേന്ദ്ര ഗവൺമെന്റ് കുട്ടനാട് പാക്കേജിന് അംഗീകാരം നൽകിയശേഷം കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പുരോഗതികൾ വിലയിരുത്തുന്നതിനായി ബഹു.മുഖ്യമന്ത്രി അധ്യക്ഷനായി കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ, ചീഫ് സെക്രട്ടറി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റി, കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായി ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നീ സമിതികൾ രൂപവൽക്കരിച്ചിട്ടുണ്ട്.<br>കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളേയും വിവിധ ഏജൻസികളെയും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി ഒരു പ്രോജക്ട് ഓഫീസറെ നിയമിച്ചു. |

50 ലക്ഷം രൂപയ്ക്ക് താഴെ വരുന്ന 4.65 കോടി രൂപയുടെ 17 പദ്ധതികൾക്ക് സംസ്ഥാന ഗവൺമെൻറ് ഭരണാനുമതി നൽകി. പദ്ധതികൾ പല ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.

തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവ നവീകരിക്കുന്നതിലൂടെ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനും ജീവജാലങ്ങളുടെ നശീകരണം തടയലിനും ഉള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഐ.ഐ.റ്റി ചെന്നൈ, സി.ഡബ്ല്യു.ആർ.ഡി.എം കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ പഠനം നടത്തി 18 മാസം കൊണ്ട് പൂർത്തീകരിക്കുന്നതിന് ഐ.ഐ.റ്റി ചെന്നൈയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനുവരി 2010 ന് ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഫെബ്രുവരി 2011 ന് അന്തിമ റിപ്പോർട്ട് ലഭിക്കും. തണ്ണീർമുക്കം ബണ്ട് നവീകരണത്തിനും തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലുകളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കലിനും ഉള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഐ.ഐ.റ്റി ചെന്നൈയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

എ.സി.കനാലിൻെറ പൂർണ്ണമായ നിർമ്മാണത്തിനായി സംസ്ഥാന ഗവൺമെൻറ് 104 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിനുശേഷം സാങ്കേതികാനുമതി നൽകുന്നതാണ്.

എ.സി.കനാലിൻെറ നിർമ്മാണത്തിനും പുറംബണ്ടു നിർമ്മാണത്തിനുമുള്ള സർവ്വേ നടത്തുന്നതിനും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ 56.25 ലക്ഷം രൂപ ജലസേചന വകുപ്പിന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

സി & ഡി, റാണിചിത്തിര കായലുകളുടെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പദ്ധതിയ്ക്ക് 46.80 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

ഓണാട്ടുകര മേഖലയിലെ നെൽകൃഷിക്കായി 1.92 കോടി രൂപയും എള്ള് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 26.75 ലക്ഷം രൂപയും ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

താൽക്കാലിക സംഭരണ യൂണിറ്റുകൾ RIDF ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പു മുഖേന നിർമ്മിയ്ക്കുന്നതിന് 1.82 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

രാഷ്ട്രീയ കൃഷി വികാസ് യോജന സ്കീമിൽ ഉൾപ്പെടുത്തി ഏകദേശം 140 കോടി രൂപയുടെ 11 പദ്ധതികൾ സ്റ്റേറ്റ് ലെവൽ സാംക്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകളിൽ കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് 85 കോടി രൂപയും ഓണാട്ടുകര മേഖലയിൽ ഒന്നാംകൃഷി ചെയ്യുന്നതിനായി 12 കോടി രൂപയും ഓണാട്ടുകര മേഖലയിൽ നെൽകൃഷി ചെയ്യുന്നതിനായി 60 ലക്ഷം രൂപയും പോള നിക്കം ചെയ്യുന്നതിലേക്കായി ഏകദേശം 21 കോടി രൂപയും കുട്ടനാട് മേഖലയിൽ പ്രവർത്തിച്ചുവരുന്ന കാർഷിക ഗവേഷണ കേന്ദ്രങ്ങൾക്ക് ഏകദേശം 20 കോടി രൂപയുടെയും പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നൽകിയിട്ടുള്ള തുകയ്ക്ക് പുറമേ അധിക തുക അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി) | എത്ര കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിനു സമർപ്പിച്ചു : എത്ര കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചു എന്നു വെളിപ്പെടുത്തുമോ ; | ബി) | 411 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിനു ഇതുവരെ സമർപ്പിച്ചു. പുറംബണ്ടു നിർമ്മാണത്തിനുവേണ്ടി 167.5 കോടി രൂപയുള്ള പ്രോജക്ടുകളും സി ആൻറ് ഡി, റാണിചിത്തിര പ്രദേശത്ത് വെള്ളപ്പൊക്ക നിവാരണത്തിനായി 46.23 കോടി രൂപയുടെ പ്രോജക്ടും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി 15.2.10 ൽ ചേർന്ന യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾ കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനു ഫ്ലഡ് മാനേജ്മെൻറ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഫണ്ട് ചെയ്യുന്നതിനായി അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന സ്കീമിൽ 140 കോടി രൂപയുള്ള പദ്ധതികൾക്ക് എസ്.എൽ.എസ്.സി 22.2.10 ൽ ചേർന്ന യോഗത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കാർഷിക വികസന ബോർഡ് 20.2.10 ൽ ചേർന്ന യോഗത്തിൽ കുട്ടനാട്ടിൽ നടപ്പിലാക്കേണ്ട 26.5 കോടി രൂപയുള്ള നാളികേര പദ്ധതിക്ക് അംഗീകാരം നൽകാമെന്ന് തീരുമാനിച്ചു. ഇതുവരെ 21.21 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയ ഉത്തരവ് ലഭിച്ചിട്ടുണ്ട്. |
| സി) | അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | സി) | ഉണ്ട്. ഫണ്ട് ലഭ്യമായ വർക്കുകൾ നടപ്പിൽ വരുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) | പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ? | ഡി) | പദ്ധതികൾക്ക് അംഗീകാരം വാങ്ങുന്നതിനും നിശ്ചയിച്ച കാലയളവിൽ പൂർത്തീകരിയ്ക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.115 04.03.2010-ൽ മറുപടിക്ക്

## എൻ.എച്ച്-17 വീതികൂട്ടാനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി :<br>ശ്രീ.പി.കെ.അബ്ദുറബ്ബ് : | | ശ്രീ.പി.ജെ. ജോസഫ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) | ദേശീയപാത 17 വീതി കൂട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | ദേശീയപാത 17 വീതി കൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3എ നോട്ടിഫിക്കേഷൻ കേന്ദ്ര ഗവൺമെന്റ് ഗസറ്റിലും പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കൽ സംബന്ധിച്ച മറ്റു നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് എൻ.എച്ച് അധികൃതരുമായി സംസ്ഥാന സർക്കാർ എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ഈ പാതയുടെ വീതി എത്ര മീറ്ററായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത് ; ഇത് 30 മീറ്ററായി ചുരുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ് ; | (സി) | എൻ.എച്ച്.ഡി.പി പദ്ധതി പ്രകാരം രാജ്യമൊട്ടാകെയുള്ള റോഡുകൾ 60 മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ചാണ് സ്ഥലമെടുപ്പ് നടപടികളും ക്രമീകരിച്ചിട്ടുള്ളത്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ഇത് 45 മീ ആയി ചുരുക്കുവാൻ കേരള ഗവൺമെന്റിന്റെ അഭ്യർത്ഥന പ്രകാരം കേന്ദ്ര സർക്കാരും എൻ.എച്ച്.എ.ഐയും സമ്മതിച്ചിട്ടുണ്ട്. ഭാവിയിലെ ഗതാഗത/സുരക്ഷ ആവശ്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ റോഡിന്റെ വീതി 30 മീറ്ററായി പരിമിതപ്പെടുത്താൻ സാധിക്കില്ല. |
| (ഡി) | ഈ പാത വികസിപ്പിച്ചാൽ ഇതിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങൾക്ക് ചുങ്കം നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നും ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവ എത്ര എണ്ണം പൊളിച്ച് മാറ്റേണ്ടിവരുമെന്നും വ്യക്തമാക്കുമോ ; | (ഇ) & (എഫ്) | സ്ഥലം ഏറ്റെടുക്കുമ്പോൾ അനേകം വീടുകൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവ പൊളിച്ച് മാറ്റേണ്ടിവരും. എന്നാൽ ഇതിന് പ്രത്യേക പുനരധിവാസ പദ്ധതികൾ ഇപ്പോൾ നിലവിലില്ല. ഈ പദ്ധതി ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂമിക്കും അതിലെ സ്ഥാവരജംഗമ സ്വത്തുക്കൾക്കും ഉദാരമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഭൂമിയോ സ്ഥാവരജംഗമ വസ്തുക്കളോ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പദ്ധതി തയ്യാറാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (എഫ്) | ഇവരുടെ പുനരധിവാസത്തിനും ഭൂമിയുടെ മാർക്കറ്റ് വില നൽകുന്നത് സംബന്ധിച്ചും എന്തെല്ലാം ക്രമീകരണങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 116 — 4.3.2010- ൽ മറുപടിയ്ക്ക്

## ഇ.ഇ.സി. മാർക്കറ്റുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജാജി മാത്യു തോമസ് :<br>ശ്രീ.എൻ.അനിരുദ്ധൻ :<br>ശ്രീ.എ.കെ.ചന്ദ്രൻ :<br>ശ്രീ.പി.തിലോത്തമൻ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഇ.ഇ.സി മാർക്കറ്റുകളുടെ നടത്തിപ്പിനായി സംസ്ഥാന തലത്തിൽ ഒരു അപ്പെക്സ് സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ ഇ.ഇ.സി മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്, സംസ്ഥാന തലത്തിൽ ഒരു അപ്പെക്സ് ബോഡി രൂപീകരിച്ചുകൊണ്ട് സ.ഉ. (എം.എസ്) 80/09/എഡി തീയതി 27.4.09 എന്ന ഉത്തരവു പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| ബി) എങ്കിൽ പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | സ്റ്റേറ്റ് അഗ്രികൾച്ചർ മാർക്കറ്റിംഗ് ബോർഡിന്റെ ചുമതലകൾ താഴെ കാണുന്നവയാണ്.<br>1. മാർക്കറ്റ് കമ്മിറ്റിയുടെ പ്രവർത്തനം ക്രോഡീകരിക്കുക.<br>2. മാർക്കറ്റുകളുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനതല ആസൂത്രണം നടപ്പാക്കുക.<br>3. പ്രധാന വിപണിയും ഉപവിപണിയുമായും ബന്ധപ്പെട്ട പുതിയ സ്ഥലം തെരഞ്ഞെടുക്കേണ്ടത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ അംഗീകരിക്കുക.<br>4. മാർക്കറ്റുമായി ബന്ധപ്പെട്ട് പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുക. |

———

5. മാർക്കറ്റുകളുടെ വികസനത്തിനായുള്ള പദ്ധതി രൂപവൽക്കരിക്കുന്നതിന് മേൽനോട്ടം വഹിക്കുക.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മാർക്കറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ ? | (സി) | കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനും, കർഷകന് ഈ വിപണികളുടെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലുള്ള ഒരു പരിപാടി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ നെടുമങ്ങാടിലെയും മരടിലെയും കാർഷിക മൊത്ത വ്യാപാര വിപണികളുടെ പ്രവർത്തനം പുന:ക്രമീകരിച്ച് ശക്തിപ്പെടുത്തുന്നതിലേക്കായി 25 ലക്ഷം രൂപയുടെ പദ്ധതിക്ക് ഈ വർഷം അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**GOVERNMENT OF KERALA**
ABSTRACT

Agriculture Department-State Agricultural Marketing Board to co-ordinate the activities of the agriculture wholesale markets in kerala-Constituted-Orders Issued

AGRICULTURE (NCA)DEPARTMENT

G.O(MS)No:80/09/AD Thiruvananthapuram , dated 27-4-09

Read:Letter No.TM(1)19669/07 dated 6.1.09 from the Director of Agriculture,Thiruvananthapuram

**ORDER**

The Department of Agriculture has established three urban and three rural agricultural wholesale markets in different parts of the state.The sole idea of establishing agricultural wholesale market is to minimise the exploitation of middlemen in the procurement and sale of agricultural produces and to help farmers to realise maximum return to their produces.At present the market activities are planned and implemented by the market committee chaired by the District Collector and Market Secretary.To co-ordinate the activities of six agricultural Wholesale markets at state level, establishment of a Marketing Board is essential.

Government have examined the aspect in detail and are pleased to constitute State Agricultural Marketing Board with the Hon'ble Minister of Agriculture as Chairman and Agriculture Production Commissioner as Vice Chairman,and with the following structure.

| | |
|---|---|
| 1. Hon'ble Minister for Agriculture | Chairman |
| 2. Agriculture Production Commissioner | Vice Chairman |
| 3. Secretary to Government(Agri) | Member |
| 4. Secretary to Government(LSGD) | Member |
| 5. Secretary to Government(Finance) | Member |
| 6. Agricultural Marketing Advisor to G/I or his nominee | Member |
| 7. General Manager,NABARD,Thiruvananthapuram | Member |
| 8. Six Farmers Representatives(one each from each Agricultural Wholesale Market) | Members |
| 9. District Collector of Thiruvananthapuram, Ernakulam, Kozhikkode,Wayanad | Members |
| 10. Director of Agriculture | Member |
| 11. Chief Executive Officer,VFPCK | Member |
| 12. Managing Director,Horticorp | Member |
| 13. Principal Agricultural Officer,Thiruvananthapuram, Ernakulam,Kozhikkod,Vayanad | Members |
| 14. Market Secretaries of 6 Agricultural Wholesale Markets | Members |
| 15. Director of Marketing(Agri)- | Member Convenor |

In addition to this,Government will nominate five members as deemed fit. The committee will have the following Powers and functions.

1. Co-ordinate the working of the market committee and other affairs including programmes undertaken by such market committee for the development of markets.
2. Undertake the state level planning for the development of agricultural produce markets.
3. The approval of proposals for selection of new sites by the market committee for establishment of principal or sub market yards.
4. The approval of proposal for constructing new infrastructure facilities in the market area.
5. The supervising and guiding of the market committee in the preparation of plans and programmes for the develpoment of markets.

By order of the Governor,
G.SHAJI
JOINT SERETARY

To

The Director of Agriculture
The Director of Agriculture (Marketing)
The District Collector,Thiruvananthapuram,Ernakulam,Kozhikkode,Wayanad
General Manager,NABARD
Agricultural Marketing Advisor,Government of India,Krishi Bhavan,NewDelhi
Chief Executive Officer,VFPCK
Managing Director,Horticorp
Principal Agricultural Officer,Thiruvananthapuram,Ernakulam, Kozhikkode,Wayanad
The Market Secretary,Agriculture Wholesale Market,Anayara,TVPM
The Market Secretary,Agriculture Wholesale Market,Maradu,Ernakulam
The Market Secretary,Agriculture Wholesale Market,Vengeri,Kozhikkode
The Market Secretary,Agriculture Wholesale Market,Nedumangad,TVPM
The Market Secretary,Agriculture Wholesale Market,Moovatupuzha,Ernakulam
The Market Secretary,Agriculture Wholesale Market,Sulthan Batheri,Wayanad
Accountant General(Audit,A&E),Thiruvananthapuram
Finance Department
Planning & economic Affairs Department

(True Copy)
Section Officer

Forwarded/By Order
Section Officer

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 117 — 4-03-2010- ൽ മറുപടിയ്ക്ക്

## ഗ്രാമീൺ ഭണ്ഡാർ യോജന പദ്ധതി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീമതി. കെ.കെ. ലതിക :<br>ശ്രീ. വി. ശശികുമാർ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഗ്രാമീൺ ഭണ്ഡാർ യോജന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | ഗ്രാമീൺ ഭണ്ഡാർ യോജന പദ്ധതി പ്രകാരം ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റ് മാർക്കറ്റിംഗ് വിഭാഗത്തിൽ നിന്നും ലഭിച്ചിട്ടില്ല. |
| ബി) ഈ പദ്ധതി പ്രകാരം ഗോഡൗൺ നിർമ്മാണത്തിന് എത്ര ശതമാനം സബ്സിഡിയാണ് അനുവദിക്കുന്നത് ; ഏതെല്ലാം വിഭാഗങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത് ; | | |
| സി) ഗോഡൗണിൽ ഉല്പന്നങ്ങൾ സൂക്ഷിക്കുന്ന കർഷകർക്ക് ഉൽപ്പന്നങ്ങൾ ഈടായി പരിഗണിച്ച് വായ്പ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | | |
| ഡി) കൂടുതൽ സ്ഥലങ്ങളിൽ പദ്ധതി പ്രകാരം ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.118 04.03.2010-ൽ മറുപടിക്ക്

### ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.എം.എ. സലാം : | | ശ്രീ.പി.ജെ. ജോസഫ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 3എ നോട്ടിഫിക്കേഷൻ കേന്ദ്ര ഗവൺമെന്റ് ഗസറ്റിലും പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള മറ്റുനടപടികൾ പുരോഗമിക്കുന്നു. |
| (ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് പ്രാദേശികമായ പരാതികൾ പരിശോധിച്ച് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ദേശീയപാതയുടെ വീതി 45 മീറ്ററിൽ നിന്ന് 30 മീറ്ററാക്കണമെന്നും അനാവശ്യമായ പാരലൽ റോഡുകൾ ഒഴിവാക്കണമെന്നുമുള്ള പരാതികൾ പരിഗണിക്കാനാവുമോ എന്ന് വ്യക്തമാക്കുമോ ?; | (സി) | എൻ.എച്ച്.ഡി.പി പദ്ധതി പ്രകാരം രാജ്യമൊട്ടാകെയുള്ള റോഡുകൾ 60 മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ചാണ് സ്ഥലമെടുപ്പ് നടപടികളും ക്രമീകരിച്ചിട്ടുള്ളത്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ഇത് 45 മീ ആയി ചുരുക്കുവാൻ കേരള ഗവൺമെന്റിന്റെ അഭ്യർത്ഥന പ്രകാരം കേന്ദ്ര സർക്കാരും എൻ.എച്ച്.എ.ഐയും സമ്മതിച്ചിട്ടുണ്ട്. ഭാവിയിലെ ഗതാഗത/സുരക്ഷ ആവശ്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ റോഡിന്റെ വീതി 30 മീറ്ററായി പരിമിതപ്പെടുത്താൻ സാധിക്കില്ല. അനാവശ്യമായ സമാന്തരപാതകളും നിർമ്മിയ്ക്കുവാൻ ഉദ്ദേശമില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.119. 04.03.2010 -ൽ മറുപടിക്ക്

## വിദ്യാഭ്യാസനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ബാബു എം.പാലിശ്ശേരി | | ശ്രീ.എം.എ. ബേബി<br>( ബഹു. വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസരംഗത്ത് ഗുണമേന്മയും സാമൂഹ്യ നീതിയും ഉറപ്പാക്കുന്നത് ലക്ഷ്യമാക്കി യോഗ്യതയുടെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അടിസ്ഥാന വിഷയങ്ങളുടെ പഠനത്തിന് പ്രത്യേക ഊന്നൽ നൽകുന്നു എന്നുള്ളതാണ് സ്കോളർഷിപ്പ് സ്കീമിന്റെ ഒരു പ്രത്യേകത. |
| (ബി) | വിദ്യാഭ്യാസനിധി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാന സർക്കാരിൽ നിന്നുള്ള സഹായവും പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയും ചേർത്ത് 100 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സ്കോളർഷിപ്പ് ഫണ്ടിലേയ്ക്ക് രണ്ട് തരത്തിലുള്ള സംഭാവനകളാണ് സ്വീകരിക്കുന്നത്. പൊതുഫണ്ടിലേയ്ക്കുള്ള സംഭാവനകളും എൻഡോവ്മെന്റ് ഫണ്ടിലേയ്ക്കുള്ള സംഭാവനകളും. ഇതു സംബന്ധിച്ച് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അഭ്യർത്ഥന എല്ലാ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അയച്ചുകൊടുത്തിട്ടുണ്ട്. സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ സംഭാവന സമാഹരിക്കുന്നതിനുവേണ്ട |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാനത്തെ സർവ്വകലാശാലകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അധ്യാപക-അനദ്ധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, മറ്റ് സർവ്വീസ് സംഘടനകൾ, ട്രേഡ് യൂണിയൻ സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് ധനസമാഹരണം നടത്തുവാൻ ശ്രമിച്ചുവരുന്നു. പ്രവാസി മലയാളികളുൾപ്പെടെയുള്ളവരിൽ നിന്നും ധന സമാഹരണം നടത്താൻ വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത നിധിയിലേയ്ക്ക് ഇതിനകം എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ: | (സി) | 23.02.2010 വരെ 16,40,546 രൂപ (പതിനാറ് ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി ആറ് രൂപ) ലഭിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ വിഹിതമായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (ഡി) | സംസ്ഥാന സർക്കാർ നാളിതുവരെ 15 കോടി രൂപയാണ് പ്രസ്തുത ഫണ്ടിലേയ്ക്ക് നൽകാമെന്നു സമ്മതിച്ചിട്ടുള്ളത്. ഇതിൽ 3 കോടി രൂപ ഇതിനകം റിലീസ് ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമാഹരിക്കുന്ന തുകയുടെ 50% മാച്ചിംഗ് ഗ്രാന്റായി നൽകുന്നതാണ്. |
| (ഇ) | സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും പണിയെടുക്കുന്ന എല്ലാ മലയാളികളെയും പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ? | | പ്രവാസി മലയാളികളുൾപ്പെടെയുള്ള വരിൽ നിന്നും ധന സമാഹരണം നടത്താൻ വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.120 — 04.03.2010- ൽ മറുപടി നൽകേണ്ടത്.

## മിച്ചഭൂമി കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് 63 താലൂക്ക് ലാന്റ് ബോർഡുകളിലായി ആകെ 1466 കേസുകൾ നിലവിലുണ്ട്. ഓരോ മാസവും ടി.എൽ.ബി.മുമ്പാകെ വിചാരണയ്ക്ക് വരുന്ന കേസുകളേയും തീർപ്പു കൽപ്പിക്കുന്ന കേസുകളേയും സംബന്ധിച്ച് ലാന്റ് ബോർഡ് അവലോകനം നടത്തി അവശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പു കൽപിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ടി.എൽ.ബി.യുടെ പ്രവർത്തന പുരോഗതി കേരള ഭൂപരിഷ്ക്കരണ റിവ്യൂ ബോർഡ് പരിശോധിക്കുകയും മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസമെങ്കിലും ടി.എൽ.ബി. സിറ്റിംഗ് നടത്തണമെന്നും കൂടുതൽ കേസുകൾ ഉള്ള ടി.എൽ.ബികൾ ആഴ്ചയിൽ 2 തവണയെങ്കിലും വിചാരണ നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) മൊത്തം എത്ര ഏക്കർ ഭൂമിയാണ് മിച്ചഭൂമി കേസുകളിൽപെട്ടിട്ടുള്ളത്; | (ബി) 43829.37.494 ഏക്കർ ഭൂമിയാണ് മിച്ചഭൂമി കേസുകളിൽപെട്ടിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) സർക്കാരിന്റെ ലാന്റ് ബാങ്കിന്റെ പ്രവർത്തനം വ്യക്തമാക്കുമോ; | (സി) കേരളത്തിലെ സർക്കാർ ഭൂമിയെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ആയതിന്റെ തുടർന്നുള്ള പരിപാലനം ഒരു കേന്ദ്രീകൃത ഏജൻസി മുഖേന നടത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ റവന്യൂ വകുപ്പിന്റെ കീഴിൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ലാന്റ് ബാങ്ക് എന്ന പ്രസ്ഥാനം ആരംഭിച്ചിട്ടുള്ളത്. ലാന്റ് ബാങ്കിന്റെ പ്രവർത്തനം പൂർണ്ണ രീതിയിൽ സജ്ജമാകുന്നതോടുകൂടി സർക്കാർ ഭൂമിയിലെ |

| | | | |
|---|---|---|---|
| | | | അനധികൃത കൈയ്യേറ്റം കണ്ടെത്തി സമയബന്ധിതമായി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കേന്ദ്രീകൃത/ വികേന്ദ്രീകൃത മാർഗ്ഗങ്ങളിലൂടെ സാദ്ധ്യമാകുന്നതാണ്. ലാന്റ് ബാങ്കിൽ സർക്കാർ ഭൂമിയെ തരംതിരിച്ച് ഉൾക്കൊള്ളിക്കുന്നതിനാൽ സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്ക് അനുയോജ്യമായ സർക്കാർ ഭൂമിയുടെ ലഭ്യത ഉടനടി അറിയുന്നതിനും ഇതുമൂലം കോടികൾ ചിലവഴിച്ചുള്ള പൊന്നുംവില നിയമം അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പരമാവധി ഒഴിവാക്കുന്നതിന് സഹായിക്കും. ലാന്റ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള പുറമ്പോക്ക്/ മിച്ചഭൂമി അർഹരായവർക്ക് /ഭൂരഹിതർക്ക് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ പതിച്ചു നൽകുന്നതിനും അനധികൃതമായി കൈയ്യേറിയ ഭൂമി 1957ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം സമയബന്ധിതമായി ഒഴിപ്പിച്ചെടുക്കുകയും ചെയ്യാവുന്നതാണ്. ഇതുകൂടാതെ പാട്ട ഭൂമികളുടെ കൃത്യമായ സംരക്ഷണവും, പരിപാലനവും ലാന്റ് ബാങ്കിന്റെ പ്രവർത്തനങ്ങളിലൂടെ സാദ്ധ്യമാക്കുന്നതാണ് |
| (ഡി) | ഇപ്പോൾ ലാന്റ് ബാങ്കിൽ എത്ര ഏക്കർ ഭൂമി നിക്ഷിപ്തമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ഒന്നാം ഘട്ടമായി ജില്ലാ കളക്ടർമാർ സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 22079 കേസുകളിലായി 56.256.98.67 ഹെക്ടർ സ്ഥലം ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വെരിഫിക്കേഷൻ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ഇ) | ഈ സർക്കാർ വന്ന ശേഷം വിവിധ വിഭാഗങ്ങളിലായി എത്ര പേർക്ക് ഭൂമി വിതരണം ചെയ്തെന്ന് വെളിപ്പെടുത്തുമോ ; | (ഇ) | ഈ സർക്കാർ വന്ന ശേഷം 12548 പേർക്ക് മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട് (അനുബന്ധം II) |
| (എഫ്) | ഭൂരഹിതരായ എല്ലാ പാവപ്പെട്ടവർക്കും മറ്റ് അർഹ വിഭാഗങ്ങൾക്കും ഭൂമി നൽകുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തുമോ? | (എഫ്) | വിതരണ യോഗ്യമായ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഏറ്റെടുത്തതും ഏറ്റെടുക്കാനുള്ളതുമായ മിച്ചഭൂമി വിതരണയോഗ്യമാക്കി അർഹതയുള്ള ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

## മിച്ചഭൂമി കേസുകളിൽ ഉൾപ്പെട്ടുകിടക്കുന്ന ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

അനുബന്ധം I

| | |
|---|---|
| തിരുവനന്തപുരം | 823.63.520 ഏക്കർ |
| കൊല്ലം | 34.70.350 " |
| ആലപ്പുഴ | 118.83.688 " |
| പത്തനംതിട്ട | 169.46.659 " |
| കോട്ടയം | 2978.04.723 " |
| ഇടുക്കി | 3873.41.050 " |
| എറണാകുളം | 474.72.108 " |
| തൃശ്ശൂർ | 5500.00.000 " |
| മലപ്പുറം | 574.40.00 " |
| പാലക്കാട് | 18178.26.000 " |
| കോഴിക്കോട് | 4149.00.000 " |
| വയനാട് | 1979.56.396 " |
| കണ്ണൂർ | 1445.73.000 " |
| കാസർഗോഡ് | 3529.60.000 " |
| ആകെ | 43829.37.494 " |

(മേൽപ്പറഞ്ഞ വിസ്തീർണ്ണത്തിൽ എത്ര ഏക്കർ ഭൂമി ലഭിക്കുമെന്നത് ടി.എൽ.ബി.യുടെ അന്തിമ വിധിയ്ക്കു ശേഷമേ അറിയാൻ കഴിയൂ)

## വിവിധ വിഭാഗങ്ങളിലായി മിച്ചഭൂമി വിതരണം നടത്തിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്

അനുബന്ധം II

| | |
|---|---|
| തിരുവനന്തപുരം | 735 പേർ |
| കൊല്ലം | 395 " |
| ആലപ്പുഴ | 334 " |
| പത്തനംതിട്ട | 160 " |
| കോട്ടയം | 372 " |
| ഇടുക്കി | 44 " |
| എറണാകുളം | 488 " |
| തൃശ്ശൂർ | 575 " |
| മലപ്പുറം | 1472 " |
| പാലക്കാട് | 1615 " |
| കോഴിക്കോട് | 762 " |
| വയനാട് | 318 " |
| കണ്ണൂർ | 4160 " |
| കാസർഗോഡ് | 1118 " |
| ആകെ | 12548 " |